**അടിയന്തരപ്രമേയം**

## ലൈഫ് ഭവന പദ്ധതി

മി. സ്പീക്കർ: ലൈഫ് ഭവന പദ്ധതി പ്രഖ്യാപിത പുരോഗതി കൈവരിക്കാത്തതുമൂലം ഭവന രഹിതർ പ്രതിസന്ധിയിലായിരിക്കുന്നതായി പറയപ്പെടുന്ന സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി. കെ. ബഷീർ, സജീവ് ജോസഫ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, എല്ലാ മലയാളികൾക്കും അടച്ചുറപ്പുള്ളതും സുരക്ഷിതവുമായ വീടെന്ന ലക്ഷ്യം മുൻനിർത്തി ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് ആവിഷ്കരിച്ച സമാനതകളില്ലാത്ത, രാജ്യത്ത് മറ്റൊരു സംസ്ഥാനത്തും നടപ്പിലാക്കിയിട്ടില്ലാത്ത സമഗ്രമായ ഭവന നിർമ്മാണ പദ്ധതിയാണ് ലൈഫ് പദ്ധതി. ലൈഫ് പദ്ധതി പ്രകാരം സംസ്ഥാനത്തെ അർഹരായ മുഴുവൻ ഭവനരഹിതർക്കും വീട് നൽകുന്നതിനും ഭൂരഹിത ഭവനരഹിതർക്ക്

ഭൂമിയും വീടും നൽകുന്നതിനുമാണ് ലക്ഷ്യമിട്ടിട്ടുള്ളത്. 2017-ൽ ലൈഫ് ഭവന പദ്ധതി ആരംഭിച്ചപ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കുടുംബശ്രീയെ ഉപയോഗപ്പെടുത്തി ഫീൽഡുതല സർവ്വേ നടത്തിയാണ് ഭവനരഹിതരുടെ പട്ടിക തയ്യാറാക്കിയത്. അത് ഗ്രാമ, വാർഡ് സഭകൾ പരിശോധിച്ചാണ് അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അന്തിമ ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കിയത്. അതനുസരിച്ച് വീടില്ലാത്ത ഗുണഭോക്താക്കളുടെ എണ്ണം 1,70,452 ആയിരുന്നു. 2017-ലെ ഫീൽഡുതല സർവ്വേയ്ക്കുശേഷം വാർഡ് ഗ്രാമസഭകൾ ചേർന്ന് അംഗീകരിച്ച പട്ടികയാണിത്. ഇതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അർഹരായി കണ്ടെത്തിയത് 1,02,542 പേരെയാണ്. അർഹരായവരെ കണ്ടെത്തുന്നതല്ലാം തദ്ദേശ സ്ഥാപനങ്ങളാണ്. ആദ്യ ലിസ്റ്റിലെ 95,858 പേരും ധനസഹായം കൈപ്പറ്റി വീട് നിർമ്മാണം പൂർത്തിയാക്കി കഴിഞ്ഞിട്ടുണ്ട്. മുൻകാലങ്ങളിലെ ഭവന പദ്ധതികളിൽ നിർമ്മാണം ആരംഭിച്ച് പൂർത്തിയാക്കാൻ കഴിയാതിരുന്നവരെയാണ് ലൈഫ് പദ്ധതി ആദ്യം ചേർത്തുപിടിച്ചത്. വീട് നിർമ്മാണം പൂർത്തിയാക്കാൻ കഴിയാതെ പാതിവഴിയിൽ നിലച്ച്, വീടെന്ന സ്വപ്നം ഒരിക്കലും യാഥാർത്ഥ്യമാക്കാൻ

കഴിയില്ലെന്ന് കരുതിയ 54,116 ഗുണഭോക്താക്കളെ ഈ സർക്കാർ ചേർത്തുപിടിച്ചതും അതിൽ ഏതാണ്ട് 52,680 കുടുംബങ്ങൾ ആ സ്വപ്നം പൂർത്തിയാക്കിയതും ഒരു മഹാപാതകമാണ് എന്നാണ് അടിയന്തരപ്രമേയ നോട്ടീസിൽ ആരോപിക്കുന്നത്.

യു.ഡി.എഫ്. കാലത്ത് വീടുനിർമ്മാണം നടത്താൻ കഴിയാതിരുന്ന ആളുകളെ ഈ സർക്കാർ സംരക്ഷിക്കുകയും അവർക്ക് ആ സ്വപ്നം യാഥാർത്ഥ്യമാക്കി കൊടുക്കുകയുമാണ് ചെയ്തത്. ഭൂരഹിത ഭവനരഹിതരായി ആദ്യപട്ടികയിലുണ്ടായിരുന്നത് 1,58,470 പേരാണ്. ഇതിൽ 32,376 കുടുംബങ്ങൾ ഭൂമി ആർജ്ജിച്ച് വീടുനിർമ്മാണം ആരംഭിച്ചു. 2019-നുശേഷം ഏറ്റവും ദുർബല വിഭാഗങ്ങളായ പട്ടികജാതി, പട്ടികവർഗ്ഗ, ഫിഷറീസ് വിഭാഗങ്ങളിൽനിന്ന് ആദ്യപട്ടികയിൽ ഉൾപ്പെടാതിരുന്ന ആളുകൾക്കായി അഡീഷണൽ ഗുണഭോക്തൃ പട്ടിക തയ്യാറാക്കി. അതിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട അർഹരായ 32,703 പേരിൽ ഇരുപതിനായിരത്തിലേറെ ആളുകൾ വീടുനിർമ്മാണം ആരംഭിച്ചു. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 11,648 പേരിൽ 8,087 പേർ വീടുനിർമ്മാണം ആരംഭിച്ചു. ഫിഷറീസ് വിഭാഗത്തിൽപ്പെട്ട 4,220 പേരിൽ 2,650 പേർ വീടുനിർമ്മാണം ആരംഭിച്ചു.

അതായത് ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ കാലത്ത് ആകെ 2,62,131 പേർ ലൈഫ് പദ്ധതിയിൽ വീട് സ്വന്തമാക്കുകയുണ്ടായി. ഇതിനുപുറമെ ഇടുക്കി ജില്ലയിൽ അടിമാലി ഭവന സമുച്ചയം, അങ്കമാലി ഭവന സമുച്ചയം, വെങ്ങാനൂർ ഭവന സമുച്ചയം, മണ്ണന്തല എൻ.ജി.ഒ. യൂണിയൻ ഭവന സമുച്ചയം, കീഴമാട് ഭവന സമുച്ചയം, പെരിന്തൽമണ്ണ ഭവന സമുച്ചയം എന്നീ ഭവന സമുച്ചയങ്ങളിലൂടെ 469 കുടുംബങ്ങൾക്ക് ഫ്ലാറ്റുകളും നൽകി. തിരുവനന്തപുരം കോർപ്പറേഷനിൽമാത്രം കരിമഠം, പൂങ്കുളം, കല്ലടിമുഖം, മതിപ്പുറം എന്നീ സ്ഥലങ്ങളിലായി ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് 720 ഫ്ലാറ്റുകളും രണ്ടാം പിണറായി സർക്കാരിന്റെ കാലത്ത് ഇതുവരെ 372 ഫ്ലാറ്റുകളുമുൾപ്പെടെ 1,092 ഫ്ലാറ്റുകൾ നൽകാൻ കഴിഞ്ഞിട്ടുണ്ട്. കോഴിക്കോട് കോർപ്പറേഷനിലെ കല്ലുത്താൻകടവിൽ 141 കുടുംബങ്ങൾക്ക് ഫ്ലാറ്റ് നൽകുകയുണ്ടായി. പ്രളയ ദുരന്തം കണക്കിലെടുത്തുകൊണ്ട് സഹകരണ വകുപ്പ് കെയർ ഹോം പദ്ധതി ആവിഷ്കരിച്ച് 2,091 വീടുകളും പഴയന്നൂരിൽ 40 ഫ്ലാറ്റുകളുടെ ഭവന സമുച്ചയവും പൂർത്തിയാക്കുകയുണ്ടായി. പുനർഗേഹം പദ്ധതിയിലൂടെ ആകെ 2,322 കുടുംബങ്ങളെ വീടും ഫ്ലാറ്റും നൽകി പുനരധിവസിപ്പിക്കുകയുണ്ടായി. ഇതെല്ലാം സാധ്യമാക്കിയത്

ആവർത്തിച്ചാവർത്തിച്ച് 2018-ലും 2019-ലും വന്ന മഹാപ്രളയവും മഹാവ്യാധിയും നേരിട്ടുകൊണ്ടാണ്, ആ പ്രതിസന്ധികളെയെല്ലാം മറികടന്നുകൊണ്ടാണ് എന്നത് അങ്ങേയറ്റം അഭിമാനകരമായ കാര്യമാണ്. ഈ സർക്കാരിന്റെ കരുതലിന്റെ ഏറ്റവും വലിയ ഉദാഹരണമാണ്. യാഥാർത്ഥ്യം അംഗീകരിക്കാതെ, സർക്കാർ പ്രഖ്യാപിച്ച ലക്ഷ്യം നേടിയില്ലെന്നും ജനങ്ങളെ കബളിപ്പിച്ചുവെന്നുമുള്ള അടിയന്തരപ്രമേയ നോട്ടീസിലെ പരാമർശം അങ്ങേയറ്റം അടിസ്ഥാനരഹിതമാണ്. ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് ഒരു വീട്ടും പൂർത്തിയാക്കിയിട്ടില്ലായെന്നാണ് അന്ന് പറഞ്ഞിരുന്നത്. ഈ പറഞ്ഞ വീടുകളുടെ നിർമ്മാണം മുഴുവൻ ഒന്നാം പിണറായി സർക്കാരിന്റെ കാലത്താണ് പൂർത്തീകരിച്ചതെന്നും രണ്ടാം പിണറായി സർക്കാരിന്റെ കാലത്ത് വീടുണ്ടാക്കിയില്ലെന്നുമാണ് ഇപ്പോൾ പറയുന്നത്. ഒന്നാം പിണറായി സർക്കാരിന്റെ ഭരണകാലഘട്ടത്തിൽ മൂന്നുലക്ഷത്തിൽപരം വീടുണ്ടാക്കിയെന്നത് ഇപ്പോൾ അംഗീകരിക്കാൻ തയ്യാറായതിൽ സന്തോഷമുണ്ട്. ലൈഫ് പദ്ധതിയുടെ വിജയംകണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പ്രതിപക്ഷ എം.എൽ.എ.-മാരുൾപ്പെടെയുള്ളവരും സർക്കാരിൽ സമ്മർദ്ദം ചെലുത്തിയതിന്റെ അടിസ്ഥാനത്തിലാണ് 2020-ൽ പുതിയ അപേക്ഷ ക്ഷണിച്ചത്. ഒന്നാമത്തെ

ഗുണഭോക്തൃ ലിസ്റ്റ് നിലനിൽക്കുമ്പോൾ തന്നെ 2020-ൽ പുതിയ അപേക്ഷ ക്ഷണിച്ചത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും എം.എൽ.എ.മാരുൾപ്പെടെയുള്ളവരുടെയും ആവശ്യം പരിഗണിച്ചുകൊണ്ടാണ്. അതും അടിയന്തരപ്രമേയ നോട്ടീസിൽ ആക്ഷേപമായി ഉന്നയിച്ചിരിക്കുകയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അപേക്ഷകളുടെ പരിശോധന പൂർത്തിയാക്കി, ഗുണഭോക്തൃ ലിസ്റ്റ് പ്രസിദ്ധീകരിച്ച് വീട് നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. ആദ്യ ലിസ്റ്റിൽ അവശേഷിച്ചിരുന്ന 61763 പേർ ഈ സർക്കാരിന്റെ കാലത്ത് വീട് നിർമ്മാണം പൂർത്തീകരിച്ച് താമസം ആരംഭിച്ചിട്ടുണ്ട്. അതുൾപ്പെടെ ഇതുവരെ ആകെ 3,23,894 കുടുംബങ്ങളുടെ വീട് നിർമ്മാണം പൂർത്തീകരിച്ചുകഴിഞ്ഞിരിക്കുകയാണ്. ഇന്ത്യയിൽ, ഫെഡറൽ ഘടനയുടെ ചട്ടക്കൂടിനകത്ത് പരിമിതമായ സാമ്പത്തികാധികാരങ്ങൾ മാത്രമുള്ള ഒരു സംസ്ഥാന സർക്കാരാണ് ഇത്രയും മികച്ച നേട്ടം കൈവരിച്ചിരിക്കുന്നത്. 3,23,000 പേർക്ക് വീട് വച്ച് കൊടുത്തിരിക്കുന്നത് നിസ്സാരമായ കാര്യമാണോ? 2020-ലെ ഗുണഭോക്തൃ പട്ടികയിൽപെട്ട 16049 പേർ തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെട്ടുകഴിഞ്ഞു. ആകെ കണക്ക് പരിശോധിച്ചാൽ 3,23,894 വീടുകൾ പൂർത്തീകരിക്കുകയും 54,529 വീടുകളുടെ നിർമ്മാണം നടന്നുകൊണ്ടിരിക്കുകയുമാണെന്ന് കാണാം. അതിനുപുറമേ ഇപ്പോൾ 10000 വീടുകളുടെകൂടി എഗ്രിമെന്റ് വയ്ക്കാനുണ്ട്. എല്ലാംകൂടി ചേർത്താൽ ആകെ വീടുകളുടെ എണ്ണം 388522 ആണ്. 50000 വീടുകൾകൂടി നിർമ്മിച്ചു നൽകാനുള്ള തുക ലൈഫ് മിഷന്റെ കൈവശമുണ്ട്. സമാനതകളില്ലാത്ത നേട്ടമാണ് ലൈഫ് മിഷൻ പദ്ധതിക്കുകീഴിൽ കൈവരിക്കാൻ കഴിഞ്ഞിട്ടുള്ളത്. ഇതിനെല്ലാം പുറമേയാണ് ഭൂരഹിതരായിട്ടുള്ള ഭവനരഹിതർക്ക് ഭൂമി കണ്ടെത്താൻ 'മനസ്സോടിത്തിരി മണ്ണ്' എന്ന ക്യാമ്പയിൻ സംഘടിപ്പിച്ചുവരുന്നത്. എല്ലാവരുടേയും പിന്തുണ സർക്കാർ പ്രതീക്ഷിക്കുകയാണ്. ഇതിന്റെ ഭാഗമായി ഇതിനോടകം 2349.72 സെന്റ് സ്ഥലം സംഭാവനയായി ലഭിച്ചുകഴിഞ്ഞിരിക്കുകയാണ്. 1232.49 സെന്റ് സ്ഥലം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയൊ ഗുണഭോക്താക്കളുടെയൊ പേരിൽ രജിസ്റ്റർ ചെയ്തു നൽകികഴിഞ്ഞിട്ടുണ്ട്. ഈ സർക്കാരിന്റെ നിശ്ചയദാർഢ്യത്തിന്റെ, ഇച്ഛാശക്തിയുടെ ഒരു ഉദാഹരണമാണിത്. കേരളത്തിലെ പ്രമുഖ ബിസിനസ്സ്

ഗ്രൂപ്പുകളിലൊന്നായ ചിറ്റിലപ്പിള്ളി ഫൗണ്ടേഷൻ 1000 ഭൂരഹിതർക്ക് ഭൂമി വാങ്ങിനൽകാൻ സന്നദ്ധത അറിയിച്ച് മുന്നോട്ടുവരികയുണ്ടായി. എറണാകുളം, ആലപ്പുഴ ജില്ലകളിലായി 164 ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങി നൽകികഴിഞ്ഞു. ഈ സർക്കാർ കാര്യക്ഷമമായി ലൈഫ് മിഷൻ പദ്ധതി നടപ്പിലാക്കുന്നതിലുള്ള വിശ്വാസ്യത കൊണ്ടാണ് ഇതുപോലെയൊരു ഫൗണ്ടേഷൻ 1000 പേർക്ക് വീട് വാങ്ങിനൽകാൻ തയ്യാറായത്. ജനങ്ങൾക്ക് ഈ സർക്കാരിലുള്ള വിശ്വാസത്തിന്റെ തെളിവാണിത്. 29 ഭവന സമുച്ചയങ്ങളുടെ നിർമ്മാണം വിവിധ ജില്ലകളിൽ നടന്നുവരികയാണ്. പുനലൂർ, വിജയപുരം, കരിമണ്ണൂർ, കടമ്പൂർ എന്നിവിടങ്ങളിലായി 174 ഫ്ലാറ്റുകൾ അടുത്തമാസം ഗുണഭോക്താക്കൾക്ക് കൈമാറുന്നതാണ്. ലൈഫ് മിഷൻ പദ്ധതിയുടെ കാര്യക്ഷമതയിൽ വിശ്വാസമർപ്പിച്ചുകൊണ്ട് എറണാകുളം ജില്ലയിലെ നെല്ലിക്കുഴിയിൽ പ്രവാസി മലയാളിയായ ശ്രീ. സമീർ 51 സെന്റ് സ്ഥലവും 18 ഫ്ലാറ്റുകളും നിർമ്മിച്ചുനൽകാൻ തയ്യാറായി മുന്നോട്ടുവന്നിരിക്കുകയാണ്. തിരുവനന്തപുരത്ത് പൂവച്ചലിൽ വന്ദ്യവയോധികനായ ശ്രീ. സുകുമാരൻ വൈദ്യർ രണ്ടര ഏക്കർ സ്ഥലമാണ് സൗജന്യമായി നൽകിയിട്ടുള്ളത്. സഹകരണ വകുപ്പിന്റെ കെയർ ഹോം

പദ്ധതിയുടെ തുടർച്ചയായി കണ്ണൂർ, പാലക്കാട്, കോട്ടയം ജില്ലകളിൽ ഫ്ലാറ്റ് നിർമ്മാണം നടന്നുവരികയാണ്. ഫിഷറീസ് വകുപ്പിന്റെ പുനർഗേഹം പദ്ധതിയുടെ ഭാഗമായി 1361 വീടുകളുടെയും 1184 ഫ്ലാറ്റുകളുടെയും നിർമ്മാണവും നടന്നുവരികയാണ്. സമീപകാലത്ത് വലിയ വിവാദമുണ്ടാക്കാൻ നോക്കിയതാണ് വിഴിഞ്ഞം തുറമുഖം പദ്ധതി. വിഴിഞ്ഞത്ത് 400 മത്സ്യത്തൊഴിലാളികൾക്കുള്ള ഫ്ലാറ്റിന്റെ നിർമ്മാണം മുട്ടത്തറയിൽ ഉടനെ ആരംഭിക്കുന്നതാണ്. അതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പു മന്ത്രിയും ഞാനും പങ്കെടുത്ത യോഗത്തിൽ തീരുമാനമെടുത്തിരിക്കുകയാണ്. അതുമായി സർക്കാർ മുന്നോട്ടുപോകുകയാണ്, 10-ാം തീയതി തറക്കല്ലിടാൻ തീരുമാനിച്ചിരിക്കുകയാണ്. ഈ യാഥാർത്ഥ്യങ്ങൾക്കെല്ലാം പുകമറയിടാൻ ഈ അടിയന്തരപ്രമേയ നോട്ടീസിനും ആരോപണങ്ങൾക്കും കഴിയുകയില്ല. ഞാൻ ഇവിടെ പറഞ്ഞതെല്ലാം അനിഷേധ്യമായിട്ടുള്ള വസ്തുതകളാണ്. വീട് വച്ചുകൊടുത്തതിനു പുറമെ ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കിയിരിക്കുകയാണ്. യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസും കേരള സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പും മുഖേന

8.74 കോടി രൂപയാണ് ലൈഫ് ഗുണഭോക്താക്കളുടെ ഭവന സുരക്ഷയ്ക്ക് ചെലവഴിക്കുന്നത്. അനെർട്ടുമായി കൈകോർത്തുകൊണ്ട് വീടുകളെ സൗജന്യ സൗരോർജ്ജ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുകയാണ്. ഇതുപോലെ സമഗ്രമായി പദ്ധതികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഈ വസ്തുതകളെ നിഷേധിക്കാൻ, അതിനുമുകളിൽ ആരോപണത്തിന്റെ പുകമറ സൃഷ്ടിക്കാനുള്ള ശ്രമമാണ് പ്രതിപക്ഷം നടത്തുന്നത്.

ശ്രീ. പി. കെ. ബഷീർ: സർ, എരന്നു തിന്നുന്നവനെ തുരന്നു തിന്നുന്ന, ജനങ്ങളെ കൊള്ളയടിക്കുന്ന പ്രതിലോമമായ ബഡ്ജറ്റ് നിർദ്ദേശങ്ങളിൽ പ്രതിഷേധിച്ച് സത്യാഗ്രഹ സമരം നടത്തുന്ന എന്റെ സഹപ്രവർത്തകരായ ശ്രീ. ഷാഫി പറമ്പിൽ, ശ്രീ. സി. ആർ. മഹേഷ്, ശ്രീ. നജീബ് കാന്തപുരം, ഡോ. മാത്യു കുഴൽനാടൻ എന്നിവർക്ക് അഭിവാദ്യമർപ്പിച്ചുകൊണ്ട് ഞാൻ ഈ അടിയന്തരപ്രമേയം അവതരിപ്പിക്കുകയാണ്.

ബഹുമാന്യനായ മന്ത്രി പറഞ്ഞത് പ്രതിപക്ഷം പുകമറ സൃഷ്ടിക്കുകയാണെന്നാണ്. നാട്ടുകാർ ആരെങ്കിലും സൗജന്യമായി ഭൂമി വിട്ടുകൊടുത്താലോ വീടുണ്ടാക്കി നൽകിയാലോ ഫ്ലാറ്റ് കൊടുത്താലോ അതെല്ലാം

ഗവൺമെന്റിന്റെ കണക്കിൽപെടുത്താൻ എൽ.ഡി.എഫ്.-നല്ലാതെ വേറെ ആർക്കെങ്കിലും പറ്റുമോ? ഒന്ന് ആലോചിച്ചു നോക്കൂ. ഈ അടിയന്തരപ്രമേയം മൂന്നാം പ്രാവശ്യമാണ് സഭയിൽ ഉന്നയിക്കുന്നത്. 2017-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ലൈഫ് മിഷനെക്കുറിച്ച് മറുപടി പറഞ്ഞിരുന്നു. പിന്നീട് ബഹുമാന്യനായ എം. വി. ഗോവിന്ദൻ മാസ്റ്റർ മറുപടി പറഞ്ഞു. ബഹുമാനപ്പെട്ട 5 മന്ത്രിമാരാണ് ലൈഫ് പദ്ധതി കൈകാര്യം ചെയ്യുന്നത്. ലൈഫ് എന്ന വാക്കിന്റെ ശരിയായ അർത്ഥം എന്താണ്? ജീവിതം എന്നാണ്, എന്നാൽ കേരളത്തിൽ കഴിഞ്ഞ 5 വർഷമായി ലൈഫ് എന്ന വാക്കിന്റെ അർത്ഥമെന്താണ്? കാത്തിരിപ്പെന്നാണ്. ഒരു പ്രതീക്ഷയുമില്ലാത്ത കാത്തിരിപ്പെന്നാണ്. വേറെ എന്താണ് അർത്ഥമെന്നുള്ളത് നിങ്ങൾ ആലോചിച്ച് നോക്കൂ. അഞ്ച് വർഷത്തിനുള്ളിൽ കേരളത്തിലെ എല്ലാ ഭവനരഹിതർക്കും സ്വന്തമായി ജോലി ചെയ്ത് ഉപജീവനം നിർവ്വഹിക്കുന്നതിന്, സാമൂഹ്യപ്രക്രിയകളിൽ മാന്യമായി ഭാഗഭാക്കാകാനും സാമ്പത്തിക സേവനമുൾപ്പെടെ എല്ലാ സാമൂഹ്യക്ഷേമത്തിന്റേയും പ്രയോജനം കേന്ദ്രീകരിക്കാനും ഉതകുന്ന സുരക്ഷിതവും മാന്യവുമായ വീടുകൾ ലഭ്യമാക്കുക

എന്നത് ലൈഫ് മിഷന്റെ വെബ്സൈറ്റിലുള്ളതാണ്. എന്നിട്ട് എവിടെയാണിത് എത്തിനിൽക്കുന്നത്? പാവപ്പെട്ടവന് വീട് വച്ച് നൽകുന്നതിനെന്ന് പറഞ്ഞാൽ പോരെ? അതിനെ പരത്തി, പടർത്തി ഒക്കെ പറഞ്ഞ് ദുരൂഹമാക്കുകയല്ലേ ചെയ്യുന്നത്. ലൈഫ് പദ്ധതിയിൽ ഉടനീളം അത് കാണാം, എന്തൊക്കെയോ ഉണ്ട് പക്ഷെ പാവപ്പെട്ടവന് ഇന്നും ഒരു വീട് കിട്ടുന്നില്ല എന്നത് യാഥാർത്ഥ്യമാണ്. കേരളത്തിലെ ത്രിതല പഞ്ചായത്തുകൾക്കല്ലേ ഈ അധികാരമെന്നാണ് 2017-ൽ പറഞ്ഞത്. പഞ്ചായത്ത് രാജ് ആക്ടിലെ 172-ാം വകുപ്പ് ബഹുമാനപ്പെട്ട മന്ത്രി വായിച്ചുനോക്കണം. ഗ്രാമ പഞ്ചായത്തുകളുടെ അധികാരമെന്താണ്? വീടുകൾ നിർമ്മിച്ചുകൊടുക്കേണ്ടത് അവരാണ്. അതിനെP നിങ്ങൾ എന്തു ചെയ്തു, എൽ.ഡി.എഫ്.-ന്റെ ഭരണകാലഘട്ടത്തിൽ 2008-ൽ ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി കൊണ്ടുവന്നു, അത് പരാജയപ്പെട്ടു. രണ്ടാമത് 2017-ൽ ലൈഫ് ഭവന പദ്ധതി കൊണ്ടുവന്നു. അന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് 5 വർഷംകൊണ്ട് കേരളത്തിൽ ഭവനരഹിതരായ ആളുകൾ ഉണ്ടാകുകയില്ലെന്നാണ്. 2018-ലെ കണക്ക് പരിശോധിച്ചുനോക്കണം.

ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ ചോദിക്കട്ടേ, 52000 വീടിന്റെ കണക്ക് ഇവിടെ അവതരിപ്പിച്ചു. ഫെയ്സ് I-ൽ എങ്ങനെയാണ്? കാലാകാലങ്ങളായി പൂർത്തീകരിക്കാത്ത വീടുകൾക്കുള്ള റിപ്പയർ ഫണ്ട് ഫേസ് I-ൽ കൊടുത്തു. അതിൽ 52455 വീടുകളായിരുന്നു. ആ കാലഘട്ടത്തിൽ പത്തും പന്ത്രണ്ടും വർഷമായി പൂർത്തീകരിക്കാത്ത ഇ.എം.എസ്. ഭവനനിർമ്മാണ പദ്ധതിയിലെ വീടുകളൊക്കെ പൂർത്തീകരിക്കാൻ തുക അനുവദിച്ചു. 2017-ൽ ലൈഫ് പദ്ധതിയിൽ രണ്ടുതരം ഗുണഭോക്താക്കളുണ്ടായിരുന്നു. മുൻ വർഷങ്ങളിൽ പഞ്ചായത്ത് സർക്കാർ വകുപ്പുകൾ വഴി ആനുകൂല്യം നൽകിയിട്ടും വീട് നിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്തവരുണ്ടായിരുന്നു. പട്ടികജാതി വികസന വകുപ്പിൽനിന്ന്, പട്ടകവർഗ്ഗ വികസന വകുപ്പിൽനിന്ന് ഏഴായിരം വീടുകൾക്ക് ഫണ്ട് നൽകിയിരുന്നു. അഞ്ച് വർഷം കൊണ്ട് 35000 വീട് കൊടുക്കാമായിരുന്നു. പട്ടികജാതിക്കാർക്ക് 22000 വീടുകൾ മാത്രമേ കൊടുത്തിട്ടുള്ളൂവെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. എവിടെയാണ് നിങ്ങൾ കൊടുത്തത്? അതുപോലെതന്നെ പട്ടികവർഗ്ഗക്കാരായ 2800 ആളുകളുടെ വീട്

നിർമ്മാണം പൂർത്തീകരിച്ചുവെന്ന് പറയുന്നു. കണക്ക് പ്രകാരം 24000 എണ്ണം വരണമായിരുന്നു. ആ ഫണ്ട് എവിടെപ്പോയി? രണ്ടാമതായി നിങ്ങൾ പറഞ്ഞത് ഭവനരഹിതരായി കണ്ടെത്തിയ പുതിയ ആളുകൾ, ഒന്നാം ഫെയ്സിൽ പൂർത്തിയാക്കാത്ത ഭവനങ്ങൾ പൂർത്തിയാക്കാൻ മാത്രമായിരുന്നു അനുമതിയെന്നാണ്. അങ്ങനെയാകുമ്പോൾ 54122 വീടുകൾ ഒന്നാം ഘട്ടത്തിലെന്നും അതിൽത്തന്നെ 52455 വീടുകൾ പൂർത്തീകരിച്ചുവെന്നും വെബ്സൈറ്റിൽ കൊടുത്തിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ ഭൂരഹിതരായ 1,77,972 പേരെ കണ്ടെത്തിയെങ്കിലും രേഖകൾ പരിശോധിച്ചശേഷം 1,03,124 ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയും അന്തിമമായ ഗുണഭോക്തൃ ലിസ്റ്റ് 2017-ൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. ഈ ലിസ്റ്റിൽനിന്നും എത്രയാളുകൾക്ക് പണം നൽകി? ഇതുവരെയായി നമ്മൾ കണ്ടെത്തിയ ഭൂമിയില്ലാത്ത ഭവനരഹിതരായ ആളുകളുടെ എണ്ണം 1,35,769 ആണെന്നും ഇതിൽ 9,146 ആളുകൾക്കേ ആനുകൂല്യം ലഭ്യമാക്കിയിട്ടുള്ളൂവെന്നും ബഹുമാനപ്പെട്ട വകുപ്പുമന്ത്രി 01-02-23-ന് സഭയിൽ എനിക്ക് നൽകിയ മറുപടിയിൽ പറഞ്ഞിട്ടുണ്ട്. ഇത് നിങ്ങൾ ശ്രദ്ധിച്ച് കേൾക്കണം, അതുമാത്രമാണോ, അതിൽത്തന്നെ എത്രപേർ വീട് നിർമ്മിച്ചു?

ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഇതുസംബന്ധിച്ചുള്ള റിപ്പോർട്ട് നിങ്ങൾ കൊടുത്തിട്ടുണ്ടാകുമല്ലോ, മുഖ്യമന്ത്രിക്ക് വളരെയേറെ താത്പര്യമുള്ള വിഷയമല്ലേ, ലൈഫ് പദ്ധതി ഇവിടെ കൊണ്ടുവന്നത് അങ്ങാണല്ലോ. 9,746 എന്നതിൽ വീട് നിർമ്മാണം പൂർത്തീകരിച്ചത് 4,928 ആളുകൾ മാത്രമാണ്. അടിമാലി ഗ്രാമപഞ്ചായത്തിൽ 163 പേർക്ക് ഭവനസമുച്ചയത്തിൽ പാർപ്പിടം നൽകിയെന്ന് തദ്ദേശസ്വയംഭരണ വകുപ്പിന്റെ 2023-ലെ ഡയറിയിലെ പേജ് 108-ൽ പറയുന്നുണ്ട്. നിങ്ങൾ പണം കൊടുത്തത് എവിടെയാണ്? ത്രിതല പഞ്ചായത്തുകൾക്ക് ഭവന നിർമ്മാണത്തിന് അനുവദിക്കാവുന്ന തുക 2 ലക്ഷം രൂപയാണ്. ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്തും അതിനുമുമ്പ് എൽ.ഡി.എഫ്. ഭരണത്തിലും അങ്ങനെതന്നെയായിരുന്നു.

1996-ൽ ജനകീയാസൂത്രണ പദ്ധതി നിലവിൽവന്നതുമുതൽ പഞ്ചായത്തുകൾ ഗ്രാമസഭകൾ വിളിച്ചുചേർത്ത് അപേക്ഷ ക്ഷണിക്കുകയും ഗുണഭോക്തൃ ലിസ്റ്റുണ്ടാക്കി ഗ്രാമസഭയിൽ വച്ച് അംഗീകരിച്ച് ആനുകൂല്യങ്ങൾ നൽകുകയും ചെയ്യുന്ന പതിവാണുള്ളത്. കഴിഞ്ഞപ്രാവശ്യം നിങ്ങൾ അധികാരത്തിൽവന്നപ്പോൾ വീട് നിർമ്മാണത്തിന് നൽകുന്ന തുക

വർദ്ധിപ്പിക്കാൻ തീരുമാനിച്ചു, അങ്ങനെ ചെയ്തോട്ടേ, കുഴപ്പമില്ല. അന്ന് മുഖ്യമന്ത്രി ഇതുസംബന്ധിച്ച് പറഞ്ഞപ്പോൾ ഇതിനുവേണ്ടി മാത്രമായി ഒരു ഫിനാൻസ് കമ്പനി രൂപീകരിക്കുമെന്ന് പറഞ്ഞിരുന്നു. നിങ്ങൾ ഇതുവരെ അങ്ങനെയൊന്ന് രൂപീകരിച്ചോ? നിങ്ങൾ ചെയ്തില്ല. സഹകരണ വകുപ്പുമായോ, സഹകരണ ബാങ്കുമായോ ബന്ധപ്പെടുത്തിക്കൊണ്ട് ഓരോ പഞ്ചായത്തും അപേക്ഷ ക്ഷണിക്കുകയും ലോണിനുള്ള ഗ്യാരന്റി സർക്കാർ നൽകുകയും ചെയ്തുകൊണ്ട് പദ്ധതി നടപ്പിലാക്കണമെP ന്ന് അന്നേ ഞങ്ങൾ പറഞ്ഞതാണ്. എന്നാൽ നിങ്ങൾ ചെയ്തത് എന്താണ്, നിങ്ങൾ എല്ലാം കേന്ദ്രീകരിച്ചു, പഞ്ചായത്തുകൾക്ക് അതിനൊന്നുമുള്ള അധികാരം നൽകിയില്ല. ഗ്രാമസഭ കൂടിയാണ് അംഗീകാരം നൽകിയതെന്ന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി പറഞ്ഞു, ഗ്രാമസഭ വിളിച്ചുചേർക്കാതെ ആനുകൂല്യങ്ങൾ നൽകാൻ കഴിയില്ല. ഇതുസംബന്ധിച്ചെല്ലാം നിങ്ങൾ ധാരാളം മാനദണ്ഡങ്ങൾ ഉണ്ടാക്കിവച്ചിട്ടുണ്ട്. ആ മാനദണ്ഡങ്ങൾക്ക് വിധേയമായി മാത്രമേ ഗ്രാമസഭകൾക്ക് അംഗീകാരം നൽകാൻ സാധിക്കുകയുള്ളൂ. പ്രസ്തുത മാനദണ്ഡം നിങ്ങൾ വായിച്ചു നോക്കിയിട്ടുണ്ടോ? ഫേസ് 2-ൽ സ്വന്തമായി ഭൂമിയുള്ള വിഭാഗത്തിൽ 87495 വീടുകൾ

പൂർത്തിയാക്കി. എന്നാൽ ഭൂമിയില്ലാത്തവർക്കായി പ്രഖ്യാപിക്കപ്പെട്ട ഫേസ് 3-ൽ 4928 വീടുകളാണ് പൂർത്തീകരിച്ചത്. വീട് നിർമ്മാണത്തിനായി മുൻകാലത്തുണ്ടായിരുന്ന കേന്ദ്രപദ്ധതിയായ ഇന്ദിരാ ആവാസ് യോജന (IAY) പേരുമാറ്റി ഇന്നത് പ്രധാൻ മന്ത്രി ആവാസ് യോജനയാണ്(PMAY). 70454 വീടുകൾ നൽകിയത് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയാണ്. PMAY(ഗ്രാമീണം) എന്ന പദ്ധതിയിൽ 19171-ഉം പട്ടികജാതി വകുപ്പുവഴി 22605-ഉം പട്ടികവർഗ്ഗ വകുപ്പുവഴി 2898-ഉം ഫിഷറീസ് വകുപ്പുവഴി 4718-ഉം ന്യൂനപക്ഷ ക്ഷേമവകുപ്പ് മുഖാന്തരം 2363-ഉം അഡീഷണൽ ലിസ്റ്റിൽ ഉൾപ്പെടുത്തി 1883-ഉം വീടുകൾ പൂർത്തീകരിച്ചു നൽകിയെന്നാണ് കണക്ക്. അതായത് ഇക്കഴിഞ്ഞ 5 വർഷംകൊണ്ട് എത്ര വീടുകൾ പൂർത്തീകരിച്ചു? 2,79,131 വീടുകൾ എന്ന് നിങ്ങൾ ഉത്തരം പറയുകയാണെങ്കിൽ അതിൽ 52,455 വീടുകൾ നിങ്ങളുടെ ഭരണത്തിന് പത്തും പന്ത്രണ്ട് കൊല്ലം മുമ്പ് പണിതുടങ്ങി പൂർത്തീകരിക്കാത്ത വീടുകളാണ്. ആ കണക്കാണ് നിങ്ങൾ നൽകുന്നത്. പഴയ ഗുണഭോക്തൃ ലിസ്റ്റ് പൂർണ്ണമാകുന്നതിനുമുമ്പ് നിങ്ങൾ 2020-ൽ വീണ്ടും പുതിയതായി അപേക്ഷ ക്ഷണിച്ചു. ഗുണഭോക്താക്കളുടെ അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കാൻ അതിനുശേഷം നീണ്ട രണ്ടുകൊല്ലം

വേണ്ടിവന്നു. 2020-ൽ ക്ഷണിച്ച അപേക്ഷകളുടെ ലിസ്റ്റ് അന്തിമരൂപം നൽകി പ്രസിദ്ധീകരിച്ചത് 2022 ആഗസ്റ്റ് 31-ാം തീയതി മാത്രമാണെന്ന കാര്യം നിങ്ങൾ ആലോചിക്കണം, എന്തൊരു ഫാസ്റ്റ്... അതിവേഗമല്ലേ. അതിലെ അപേക്ഷകരുടെ എണ്ണം 9,20,260 ആയിരുന്നെങ്കിൽ അതിൽനിന്നും അർഹരായി കണ്ടെത്തിയത് 5,61,033 എണ്ണം ആളുകളെയാണ്, വെറും 64% മാത്രം. ഇതിൽത്തന്നെ സ്വന്തമായി ഭൂമിയുള്ളവരുടെ അപേക്ഷകൾ 6,41,652 എണ്ണമായിരുന്നെങ്കിൽ അർഹരാണെന്ന് കണ്ടെത്തിയത് 3,65,776 ആളുകളെയായിരുന്നു. സ്വന്തമായി ഭൂമിയില്ലാത്ത അപേക്ഷകരുടട എണ്ണം 2,78,608 ആയിരുന്നെങ്കിൽ നിങ്ങളുടെ മാനദണ്ഡപ്രകാരം കണ്ടെത്തിയ അർഹർ 1,95,257 മാത്രമാണ്. ഇത്തരത്തിലുള്ള മാനദണ്ഡം വച്ചുകൊണ്ട് എങ്ങനെയാണ് ആനുകൂല്യം കൊടുക്കാൻ കഴിയുക? അനാഥർ എന്ന വിഭാഗം നിങ്ങളുടെ മാനദണ്ഡത്തിൽ വന്നോ? വന്നില്ല, നിങ്ങൾ ധാരാളം മാനദണ്ഡങ്ങൾ വച്ചപ്പോൾ അതിൽ അനാഥർ വന്നില്ല. ഒരു സംഭവം പറയാം, മലപ്പുറം ജില്ലയിലെ തിരൂരങ്ങാടിയിലെ നന്നമ്പ്ര പഞ്ചായത്തിൽ ഒരു ആദിവാസി കുടുംബമുണ്ട്, അവിടെയുള്ള അനാഥരായ മൂന്ന് പെൺകുട്ടികൾ

വല്ല്യമ്മയുടെയും അമ്മാവന്റെയും ഒപ്പമാണ് താമസിക്കുന്നത്. ലൈഫ് പദ്ധതിയുടെ ചട്ടപ്രകാരം ഇവരെ കുടുംബമായി പരിഗണിക്കാൻ സാധിക്കില്ലെന്നാണ് പറയുന്നത്. ആ കുട്ടികളുടെ പ്രയാസം കണ്ടപ്പോൾ ആ നാട്ടിലെ നല്ലവനായ ഒരു മനുഷ്യൻ, (അയൽവാസി) 3 സെന്റ് ഭൂമി വീട് നിർമ്മിക്കാൻ വിട്ടുകൊടുത്തു. അങ്ങനെ ഭൂമി ലഭ്യമായപ്പോൾ അവർ വീടിന് ലൈഫ് പദ്ധതിയിൽ അപേക്ഷ കൊടുത്തു. അപേക്ഷ പരിശോധിക്കാൻ സൈറ്റ് വിസിറ്റിന് വന്നപ്പോൾ ഇവർ കുടുംബമില്ലാത്ത അനാഥരായ പെൺകുട്ടികളാണെന്ന് കണ്ടെത്തി. കുടുംബമില്ലാത്തവർക്ക് വീടുകൊടുക്കാൻ മാനദണ്ഡപ്രകാരം സാധിക്കില്ലെന്നും നിങ്ങൾ കല്യാണം കഴിക്കണമെന്നുമാണ് ലൈഫ് മിഷന്റെ ജില്ലാ കോ-ഓർഡിനേറ്റർ അവിടെച്ചെന്ന് ഈ കുട്ടികളോട് പറഞ്ഞത്. നിങ്ങൾക്ക് നാണമുണ്ടോ! ആനുകൂല്യത്തിനായി വന്നവരോട് മാനദണ്ഡം ചൂണ്ടിക്കാണിച്ച് കല്യാണം കഴിക്കണമെന്നാണ് പറഞ്ഞത്. പഞ്ചായത്ത് ആ ഉത്തരവാദിത്വം ഏറ്റെടുക്കുമെന്ന് പറഞ്ഞെങ്കിലും ചെയ്യാൻ കഴിഞ്ഞില്ല. ഇത് പാവം ആദിവാസി കുട്ടികളുടെ കാര്യമാണ്. നിങ്ങൾ വെറുതെ എന്തെങ്കിലും പറയാതിരിക്കൂ, ഇതെല്ലാം വസ്തുകളാണ്. നമ്മൾ കാര്യങ്ങൾ പഠിച്ച് ചർച്ച

ചെയ്ത് അപാകതകൾ തിരുത്തണം, പാവപ്പെട്ടവർക്ക് വീട് നൽകണം. ആ ഒരു കാഴ്ചപ്പാടിൽ പറയുന്ന കാര്യങ്ങളെ കാണണം. പറയുന്നത് ആരാണെന്ന് നോക്കേണ്ടതില്ല, പറയുന്നതിൽ കാര്യമുണ്ടോയെന്ന് നോക്കിയാൽ മതി, അതാണ് നല്ലത്. ലൈഫ് പദ്ധതിയിലെ വീടിനായി ഈ കുട്ടികൾ രണ്ട് വർഷമായി നടക്കുന്നു, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതൊന്ന് കേൾക്കണം, തടസ്സവാദമുന്നയിച്ചത് എഗ്രിമെന്റ് ഒപ്പിടാൻ ചെല്ലുന്ന സമയത്താണ്. അവർ അനാഥരാണ്, കുടുംബമായിട്ടില്ല. നമ്മുടെ പരിപാടി കല്യാണമുണ്ടാക്കിക്കൊടുക്കുകയാണോ? കല്യാണവും കഴിച്ച് കുടുംബമായാലേ മാനദണ്ഡപ്രകാരം വീട് കൊടുക്കുകയുള്ളൂവെന്ന നിബന്ധനയെപ്പറ്റി നിങ്ങൾ ആലോചിച്ച് നോക്കു. ഒറ്റയ്ക്ക് താമസിക്കുന്നവർക്കും അനാഥർക്കും വീട് ആവശ്യമില്ലേ? അഗതികളെയും വിധവകളെയും മാറാ രോഗം ബാധിച്ചവരെയും ഉൾപ്പെടുത്തണമെന്ന് നിങ്ങൾ എഴുതിയിട്ടുണ്ടല്ലോ. ഇതിന്റെ അപ്പുറമാണ് കോഴിക്കോട് ജില്ലയിലെ കാര്യം, കോഴിക്കോട് കുരാച്ചുണ്ടിൽ പഞ്ചായത്ത് ഓഫീസിന് മുമ്പിൽ കുടികിടപ്പ് അവകാശത്തിനായി സമരം നടന്നില്ലേ, ഓട്ടപ്പാല സ്വദേശിയായ സരോജിനി പഞ്ചായത്ത് ഓഫീസിന് മുമ്പിലേയ്ക്ക് താമസം മാറ്റി. എന്താണ്

അതിനുള്ള കാരണം? അവരുടെ വീടിന്റെ ടാർപോളിൻ...(ബഹളം) അവിടെനിന്നും ബഹളംവയ്ക്കേണ്ട, അവിടെ ഇരിക്കൂ..മന്ത്രി മറുപടി പറഞ്ഞോളും. ടാർ പോളിൻ വീട്ടിലാണ് സരോജിനിയും ഭർത്താവ് ഗോപാലനും താമസിക്കുന്നത്. ലൈഫ് മിഷൻ പദ്ധതിക്ക് പഞ്ചായത്തിന്റെ ഗുണഭോക്തൃലിസ്റ്റ് ഉണ്ടായിരുന്നു. അവർ ആ ലിസ്റ്റിൽനിന്ന് പുറത്തുപോയി. ഞാൻ പറഞ്ഞ കാര്യങ്ങളെകുറിച്ച് നിങ്ങൾ അന്വേഷിക്കൂ, അതല്ലാതെ അതുമിതും പറഞ്ഞതുകൊണ്ട് കാര്യമില്ല. ബഹുമാന്യരായ മുഖ്യമന്ത്രിയോടും തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയോടും ധനകാര്യ വകുപ്പുമന്ത്രിയോടും ഞാൻ ഒരു കാര്യം ചോദിക്കട്ടേ, പുതിയ സർക്കുലർ വന്നുവെന്ന് മന്ത്രി പറഞ്ഞു, 2022 ഒക്ടോബർ മാസം ഇറക്കിയ ഒരു സർക്കുലർ നിലവിലുണ്ട്, 5,65,000-ൽപ്പരം ആളുകളുടെ കണക്ക് ഇവർ പറയുന്നുണ്ടല്ലോ, അതുതന്നെയാണ് ഞാനും പറഞ്ഞത്, ജനറൽ സെക്ടറിൽ 4 ലക്ഷം ആളുകൾക്ക് വീട് ലഭ്യമാകാനുണ്ടെന്ന കണക്കാണ് ഞാനും പറഞ്ഞത്. ഇപ്പറഞ്ഞ നാല് ലക്ഷം ആളുകൾക്ക് അഞ്ച് കൊല്ലംകൊണ്ട്, അതായത് ഈ ഗവൺമെന്റിന് ശേഷിക്കുന്ന മൂന്ന് കൊല്ലംകൊണ്ട് വീട് നൽകാൻ കഴിയുമോ? ഞാൻ പറയുന്നത് ബഹുമാനപ്പെട്ട മന്ത്രി ഒന്നു ശ്രദ്ധിക്കണം.

എന്താണ് പുതിയ സർക്കുലറിലുള്ളത്? 2017-ൽ പഞ്ചായത്തിൽ നിലനിന്നിരുന്ന അന്തിമലിസ്റ്റിൽ 100 ആളുകൾ ഉണ്ടാവുകയും അതിൽ 80 പേർ എഗ്രിമെന്റിൽ ഒപ്പുവയ്ക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ അവർക്ക് 'ഹഡ്കോ'-ൽനിന്നും 2,20,000 രൂപ ലഭിക്കും, ബാക്കി ആ ലിസ്റ്റിൽ 20 ആളുകളേ അവശേഷിക്കുന്നുള്ളൂവെങ്കിൽ 2022-ൽ പ്രസിദ്ധീകരിക്കുന്ന ലിസ്റ്റിൽ ആദ്യ മുൻഗണന പട്ടികവർഗ്ഗക്കാർക്കും അടുത്തതായി പട്ടികജാതിക്കാർ, അതിദരിദ്രർ എന്നീ ക്രമത്തിലുമായിരിക്കണമെന്നാണ് പറയുന്നത്. ബാക്കിവരുന്ന ജനറൽ സെക്ടറിലുള്ളവർക്ക് എവിടെ നിന്ന് പണം കൊടുക്കുമെന്ന് അതിൽ പറഞ്ഞിട്ടില്ല. അതൊക്കെ പഞ്ചായത്തിന്റെമേൽ എന്നാണോ പറയുന്നത്. 40,000 രൂപ ഗ്രാമപഞ്ചായത്ത്, 20,000 രൂപ ബ്ലോക്ക് പഞ്ചായത്ത്, 20,000 രൂപ ജില്ലാപഞ്ചായത്ത്, 2,20,000 രൂപ ഹഡ്കോ വായ്പ, 1 ലക്ഷം രൂപ സർക്കാർ എന്നിങ്ങനെയാണ് 4,00,000 രൂപ ധനസഹായം നൽകുന്നത്. പൊതുവിഭാഗത്തിലെ ആളുകൾക്ക് നിങ്ങൾ വായ്പകൊടുക്കുമെന്ന് പറയുന്നില്ല, 2023-ലെ അലോക്കേഷൻ മാർച്ച് 31-ന് അവസാനിക്കും. ഞാൻ കഴിഞ്ഞ പ്രാവശ്യം അടിയന്തരപ്രമേയം അവതരിപ്പിച്ചപ്പോഴും ഇക്കാര്യം

പറഞ്ഞിട്ടുണ്ട്. ധനകാര്യ വകുപ്പുമന്ത്രി ഇതുകേട്ട് ചിരിക്കും, കാരണം എക്സ്പെൻഡിച്ചറാകാതെ അടുത്തദിവസം മുതൽ കോടികൾ ഖജനാവിലേയ്ക്ക് കിട്ടുകയാണല്ലോ...

മി. സ്പീക്കർ: പ്ലീസ്... പ്ലീസ് സമയം അതിക്രമിച്ചുകൊണ്ടിരിക്കുന്നു...

ശ്രീ. പി. കെ. ബഷീർ: സർ, 2022-23 വർഷത്തിലും ഭവനപദ്ധതിക്ക് എക്സ്പെൻഡിച്ചർ ഉണ്ടാകില്ല. ജനറൽ സെക്ടറിൽ എഗ്രിമെന്റ് വയ്ക്കണമെന്ന് ഞാൻ പറയുന്നതല്ല, മന്ത്രി ഇറക്കിയ സർക്കുലറിൽത്തന്നെ അങ്ങനെ പറയുകയാണ്. പിന്നെ എങ്ങനെയാണ് പദ്ധതി നടപ്പിലാകുക? അതുകൊണ്ട് ഇതിലെ അപാകതകൾ തിരുത്തണമെന്നാണ് എനിക്ക് പറയാനുള്ളത്. പഞ്ചായത്തുകൾക്ക് അധികാരം തിരിച്ചുകൊടുക്കണം, പഞ്ചായത്തുകൾ ഗ്രാമസഭ ചേർന്ന് ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കണം, അവർക്ക് ലോൺ എടുക്കാനുള്ള സൗകര്യം സർക്കാർ നൽകുകയും അതിന്റെ പലിശ സർക്കാർ വഹിക്കുകയും ചെയ്യണം. ലൈഫ് എന്നത് സർക്കാർ വിഹിതമല്ല, ഈ ഉത്തരവിൽ ഒരു കാര്യംകൂടി പറയുന്നുണ്ട്, ഇതിനായി സമാഹരിക്കുന്ന ലോൺ തിരിച്ചടവിനായി 25% തുക പഞ്ചായത്തുകൾക്ക് നൽകുന്ന പദ്ധതി വിഹിതത്തിൽനിന്നും തിരിച്ചുപിടിക്കും. അങ്ങനെ ഒരു

ഉത്തരവും ഇറക്കിയിട്ടുണ്ട്. പിന്നെ നിങ്ങൾക്ക് ഈ പദ്ധതിയിൽ എന്ത് അവകാശമാണുള്ളത്; പദ്ധതി ത്രിതല പഞ്ചായത്തുകളുടേതല്ലേ? പഞ്ചായത്തുകൾ മുൻകാലങ്ങളിൽ ചെയ്ത പദ്ധതിയിൽ തുരങ്കം വച്ചിരിക്കുകയാണ്. ആ നടപടിയിലെ തെറ്റുതിരുത്തിക്കൊണ്ട്, സാധാരണക്കാരായ വീടില്ലാത്ത ആളുകൾക്ക് വീട് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കണം. ഇത്രയും ഗൗരവമായ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെടുകയാണ്.

തദ്ദേശസ്വയംഭരണം-എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ബഹുമാന്യനായ ശ്രീ. പി. കെ. ബഷീർ ഉന്നയിച്ചൊരു ആക്ഷേപം നേരത്തെ പഞ്ചായത്തുകളാണ് ഇത് ചെയ്തുകൊണ്ടിരുന്നത് പഞ്ചായത്തുകളുടെ അധികാരം സർക്കാർ കവർന്നെടുത്തു അത് തിരകെ പഞ്ചായത്തുകൾക്ക് കൊടുക്കണമെന്നാണ്. എന്നാൽ വസ്തുത ഇപ്പോഴും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് ഇത് ചെയ്യുന്നതെന്നാണ്. അതായത് പഞ്ചായത്തും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളുമാണ് ചെയ്യുന്നത്. ആരാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്? ഗ്രാമസഭ ചേർന്ന് ആ ഗ്രാമസഭയിൽ അല്ലെങ്കിൽ വാർഡ് സഭയിൽ അംഗീകരിക്കുന്ന ലിസ്റ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണ സമിതികൾക്ക് വേണമെങ്കിൽ ഭേദഗതി ചെയ്യാനുള്ള

അധികാരമുണ്ട്. അന്തിമമായി ആരാണ് ഗുണഭോക്തൃ_ലിസ്റ്റ് അംഗീകരിക്കുന്നത്? ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്? തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. അതിന് അപ്രൂവൽ കൊടുക്കുക മാത്രമെ ലൈഫ് മിഷൻ ചെയ്യുന്നുള്ളൂ. അടിസ്ഥാന രഹിതമായ കാര്യമാണ് ഏറ്റവും വലിയ ആക്ഷേപമായി അദ്ദേഹം ഉന്നയിച്ചത്. പിന്നെ സർക്കാർ ചെയ്യുന്ന തെറ്റ് എന്താണ്; സർക്കാർ ചെയ്യുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് രണ്ട് ലക്ഷത്തി ഇരുപതിനായിരം രൂപ വായ്പാവിഹിതമായി നൽകുന്നതാണോ; ഒരു ലക്ഷംരൂപ സംസ്ഥാന സർക്കാരിന്റെ ഷെയറായി കൊടുക്കുന്നുവെന്നുള്ളതാണോ? യഥാർത്ഥത്തിൽ സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ധനസഹായം ലഭ്യമാക്കുകയാണ് ചെയ്യുന്നത്. ശ്രീ. പി. കെ. ബഷീർ മനസ്സിലാക്കേണ്ടൊരു കാര്യം 4 ലക്ഷംരൂപ ഇന്ത്യയിൽ ഭവന നിർമ്മാണത്തിന് കൊടുക്കുന്ന ഏക സംസ്ഥാനമേയുള്ളൂ, അത് കേരളമാണ്. കണക്കുകൾ നോക്കിയാൽ അതിനോടടുത്തുവരുന്നൊരു തുക ആന്ധ്രാപ്രദേശിലാണ് ഒരുലക്ഷത്തി എൺപതിനായിരം രൂപ മാത്രമാണ്. കേരളത്തിൽ കൊടുക്കുന്നതിന്റെ പകുതിയിൽതാഴെയാണ്. അത് വലിയ വ്യത്യാസമാണ്. (....ബഹളം...) ഞാൻ വസ്തുതകൾ പറയുമ്പോൾ എന്തിനാണ് പ്രതിപക്ഷം അസ്വസ്ഥരാകുന്നത്; മൂന്ന് ലക്ഷത്തി ഇരുപത്തി മൂവായിരത്തിലധികം ആളുകൾക്ക് 4 ലക്ഷം രൂപവച്ച് കൊടുത്തെന്ന് പറഞ്ഞാൽ

ഏതാണ്ട് പതിനാലായിരം കോടിരൂപ ഇതിനകം ചെലവഴിച്ചുവെന്നാണ് ഇതിനർത്ഥം. ഇന്ത്യയിൽ എവിടെയാണ് ഇത്തരത്തിലുള്ള ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്? ശ്രീ. പി. കെ. ബഷീർ ഇവിടെ കുറെ ആക്ഷേപം ഉന്നയിച്ചു. അദ്ദേഹം മണ്ഡലത്തിലൊക്കെ വസ്തുതകൾ നന്നായി മനസ്സിലാക്കുന്ന ഒരാളാണെന്നാണ് ഞാൻ വിചാരിച്ചിരുന്നത്. അദ്ദേഹത്തിന്റെ ഏറനാട് മണ്ഡലത്തിൽ ഉൾപ്പെടുന്നതാണല്ലോ എടവണ്ണ പഞ്ചായത്ത്. അക്കാര്യത്തിൽ അഭിപ്രായ വ്യത്യാസമുണ്ടാകില്ലല്ലോ; ആ എടവണ്ണ പഞ്ചായത്തിൽ ഈ വർഷം 200 പേരുടെ എഗ്രിമെന്റ് വച്ചുകഴിഞ്ഞു. അത് പട്ടികജാതി പട്ടികവർഗ്ഗ (.....ബഹളം.....) ശ്രീ. പി. കെ. ബഷീറിന് അവിടത്തെ എം.എൽ.എ.-എന്ന നിലയ്ക്ക് സന്തോഷിക്കാനുള്ള കാര്യമാണ് പറയുന്നത്, അങ്ങ് അതിനും പ്രതിഷേധിച്ചാൽ എന്തുചെയ്യാൻ കഴിയും; ഇരുന്നൂറ് പേരിൽ എസ്.സി-എസ്.റ്റി. വിഭാഗത്തിൽപ്പെട്ടവർ 120 പേരും ജനറൽ വിഭാഗത്തിലെ 80 പേരും എഗ്രിമെന്റ് വച്ചതാണ്. അങ്ങതിൽ ദു:ഖിക്കുകയാണോ സന്തോഷിക്കുകയല്ലേ വേണ്ടത്; ശ്രീ. എ. പി. അനിൽകുമാറിന്റെ വണ്ടൂർ മണ്ഡലത്തിൽ വെട്ടത്തുർ പഞ്ചായത്തിൽ 102 പേർക്ക് ആദ്യഗഡു വിതരണം ചെയ്തുകഴിഞ്ഞു.

<u>മി. സ്പീക്കർ</u>: വാക്കൗട്ട് സ്പീച്ചിൽ പറഞ്ഞാൽ മതി. കമന്ററി ചെയ്യേണ്ട.

<u>ശ്രീ. എം. ബി. രാജേഷ്:</u> സർ, ശ്രീ. പി. കെ. ബഷീർ ബഹുമാന്യനായ എം.എൽ.എ. ഒരു ടെലിവിഷൻ ചാനലിൽ വന്ന വാർത്ത ഇവിടെ ഉദ്ധരിക്കുകയുണ്ടായി. ആ വാർത്ത ഉദ്ധരിച്ചുകൊണ്ടാണ് പട്ടികജാതിക്കാരുടെ അവസ്ഥയെക്കുറിച്ച് അദ്ദേഹം ആക്ഷേപം ഉന്നയിച്ചത്. ആ വാർത്തയുമായി ബന്ധപ്പെട്ട ഒമ്പതുപേരടങ്ങുന്ന ആ കുടുംബത്തിന് ഒരു റേഷൻ കാർഡാണുള്ളത്. റേഷൻ കാർഡിന്റെ നമ്പരും എന്റെ കയ്യിലുണ്ട്. ഇവർ പട്ടികജാതി വിഭാഗത്തിൽപ്പെടുന്നവരാണ്, ഇവർക്ക് കോൺക്രീറ്റ് ചെയ്ത പക്കാവീട് നിലവിലുണ്ട്. പക്ഷെ ആ വീടല്ല വാർത്തയിൽ കാണിച്ചത്. തെറ്റിദ്ധരിപ്പിക്കുന്ന സ്ഥിതിയാണ് അതിലുണ്ടായത്. ഈ റേഷൻ കാർഡിലുൾപ്പെട്ട കുടുംബത്തിന് കോൺക്രീറ്റ് വീട് ഉണ്ടെന്നുള്ളതുകൊണ്ടും അത് നിലനിൽക്കെ അതിൽ ഉൾപ്പെട്ട വേറൊരാൾക്ക് വീട് കൊടുക്കണമെന്നാണ്. ഒമ്പത് പേരുള്ള ഒറ്റ കുടുംബമാണ്, ഒരു റേഷൻ കാർഡാണ്. കുടുംബമെന്ന നിർവ്വചനത്തിൽ പട്ടികജാതികാർക്കും മത്സ്യത്തൊഴിലാളികൾക്കും 2019-ലെ സർക്കാർ ഉത്തരവുപ്രകാരം ഇളവ് അനുവദിച്ചിട്ടുണ്ട്. അതുപ്രകാരം വ്യത്യസ്ത വീടുകളിൽ താമസിക്കുന്നവരാണെങ്കിലും ഒരേവീട്ടിൽ വ്യത്യസ്ത അടുക്കളായായാണെങ്കിലും വിവാഹം കഴിഞ്ഞ് ഒരു വർഷത്തിലേറെയായി വീടില്ലാത്തതുകൊണ്ടുമാത്രം മറ്റ് വീട്ടിൽ താമസിക്കുന്ന വരാണെങ്കിലും ഇങ്ങനെയുള്ളവരെ ഒരേ റേഷൻ കാർഡിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും

വ്യത്യസ്ത കുടുംബങ്ങളായി പരിഗണിച്ചുമാത്രമേ ആനുകൂല്യം നൽകാനാകുകയുള്ളൂ. പക്ഷെ ഈ പറയുന്ന വ്യക്തി ഈ ഒരു വിഭാഗത്തിലും വരാത്തതുകൊണ്ടാണ് പഞ്ചായത്തിലെ നിർവ്വഹണ ഉദ്യോഗസ്ഥൻ കരാറിൽ ഏർപ്പെടുന്ന നടപടി സ്വീകരിക്കാതിരുന്നത്. അതാണ് വസ്തുത. അങ്ങ് പറയുമ്പോൾ അശ്വത്ഥാമാ ഹതഃ കുഞ്ജരഃ എന്ന് പതുക്കെ പറയുന്നതുപോലെ പറയരുത്. പക്കാ കോൺക്രീറ്റ് വീടുള്ള കാര്യമാണ് പറഞ്ഞതെന്നുള്ള വസ്തുതകൂടി പറയണം. എങ്കിലും, ഇതിലേതെങ്കിലുമൊരു വിഭാഗത്തിൽ വരുമെങ്കിൽ അവരെ ഉൾപ്പെടുത്താൻ കഴിയുമായിരുന്നു. അദ്ദേഹം അദ്ദേഹത്തിന്റേതായ കുറച്ച് കണക്കുകൾ ഇവിടെ ഉദ്ധരിച്ചു. സർക്കാരിന്റെ കണക്ക് കൃത്യമായി  ഇവിടെ പറഞ്ഞത് കൂടാതെ നിയമസഭയിൽ പലപ്രാവശ്യമായി മറുപടി നൽകിയിട്ടുള്ളതുമാണ്. അദ്ദേഹം ആ കണക്കുകൾ ഉദ്ധരിക്കുന്നത്  നേതൃത്വം കൊടുക്കുന്ന പാർട്ടിയുടെ അനുഭവത്തിന്റെ അടിസ്ഥാനത്തിലായിരിക്കുമെന്നാണ്. കെ.പി.സി.സി., ആയിരം പ്രളയ ദുരിതാശ്വാസ വീടുകൾ നിർമ്മിച്ചുകൊടുക്കുമെന്ന് പ്രഖ്യാപിച്ചതാണ്. അന്നത്തെ കെ.പി.സി.സി. പ്രസിഡന്റാണ്, ഞാൻ ആക്ഷേപമെന്നും ഉന്നയിക്കില്ല. ആയിരം വീടുകൾ നിർമ്മിച്ചുകൊടുക്കുമെന്ന് പ്രഖ്യാപിച്ചതാണ്.  ഇത് (പത്ര കട്ടിംഗ് ഉയർത്തികാട്ടി) കോൺഗ്രസ് പ്രസിദ്ധീകരിച്ചതാണ്. ഇതുവരെ ലഭിച്ച തുക 3.43 കോടിരൂപ അവകാശ വാദമാണ്. പണി പൂർത്തിയാക്കിയത് 450 വീടുകൾ, പണി

നടക്കുന്നത് 348 വീടുകൾ. എന്താണ് വസ്തുത? നാല്പത്തിയാറ് വീടുകളാണ് പൂർത്തീകരിക്കാൻ കഴിഞ്ഞതന്നതാണ്. (....ബഹളം.....) പത്രത്തിൽ വന്ന കണക്കാണ്...

മി. സ്പീക്കർ: പ്ലീസ്....ബഹുമാനപ്പെട്ട മന്ത്രി അങ്ങ് മറുപടി പറയണം.... (.....ബഹളം.....) കൗണ്ടർ ആർഗ്യുമെന്റ് വാക്കൗട്ട് സ്പീച്ചിൽ പറയണം.

ശ്രീ. എം. ബി. രാജേഷ്: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെയുണ്ടല്ലോ, വാക്കൗട്ട് പ്രസംഗം നടത്തുമ്പോൾ എത്ര വീട് നിർമ്മിച്ചുവെന്ന് അദ്ദേഹത്തിന് പറയാം. ഞാൻ ബഹുമാന്യരായ കോൺഗ്രസ് എം.എൽ.എമാരെ വെല്ലുവിളിക്കുന്നു നിങ്ങൾ നിർമ്മിച്ച ആയിരം വീടുകൾ ഏതെല്ലാം ഗുണഭോക്താക്കൾക്കാണ് കൊടുത്തതെന്ന പട്ടിക പ്രസിദ്ധീകരിക്കാൻ തയ്യാറാണോ; നമ്മൾ തമ്മിൽ തർക്കത്തിന്റെ ആവശ്യമില്ല. എന്നാൽ ആയിരം വീടുകളുടെ പട്ടിക ഏത് ഗുണഭോക്താക്കൾക്കാണ് കൊടുത്തതെന്ന് പ്രസിദ്ധീകരിച്ചാൽ ഈ തർക്കം അവിടെ തീരും. (.....ബഹളം.....)

മി. സ്പീക്കർ: പ്ലീസ്....പ്ലീസ്.... വാക്കൗട്ട് സ്പീച്ചിൽ കൗണ്ടർ ആർഗ്യുമെന്റ് നടത്തിക്കോളൂ. (....ബഹളം........)

ശ്രീ. എം. ബി. രാജേഷ്: സർ, ശ്രീ. ഉമ്മൻ ചാണ്ടിയുടെ കാലത്ത് എത്ര വീടുകളാണ് നിർമ്മിച്ചുകൊടുത്തത്; അവസാന നിയമസഭാ സമ്മേളനം 2016-

ഫെബ്രുവരി, ആ സമ്മേളനത്തിൽ ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ ചോദ്യം നമ്പർ 3204-ന് കൊടുത്ത മറുപടി ഇതാണ്. വിശദാംശം അനുബന്ധം 1 ആയി ചേർത്തു. കോഴിക്കോട് ബംഗ്ലാദേശ് കോളനി ഘട്ടം ഒന്ന് - 218, സാഫല്യം ആദ്യഘട്ടം - 48, ഗൃഹശ്രീ ഭവനം പദ്ധതി 2013-14 ൽ 525, 2014-15-ൽ 709, 2015-16-ൽ 1500. ഇതാണ് 2013-14-മുതൽ 2015- 2016 വരെ നിങ്ങൾ യു.ഡി.എഫ്. സർക്കാർ നിർമ്മിച്ചുകൊടുത്തത്. നിയമസഭയിൽ തന്ന മറുപടിയാണിത്. (....ബഹളം.....) എങ്ങനെയാണ് പ്രതിപക്ഷം വസ്തുതകളുടെയും കണക്കുകളുടെയും മുന്നിൽ പകച്ചുപോകുന്നതെന്നതിന്റെ ഉദാഹരണമാണ് ഇവിടെ കാണിക്കുന്നത്. അന്നത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ നിയമസഭയിൽ കൊടുത്ത ചോദ്യത്തിന്റെ ഉത്തരമാണ് ഞാനിവിടെ പറഞ്ഞത് ഇതാണ് വസ്തുത. ശ്രീ. പി. കെ. ബഷീർ എടുത്ത അത്രയും സമയം ഞാൻ എടുത്തിട്ടില്ലെന്നുകൂടി ഞാൻ അങ്ങയെ ഓർമ്മിപ്പിക്കുകയാണ്. കേന്ദ്ര സർക്കാർ അടിച്ചേല്പിച്ച കടുത്ത സാമ്പത്തിക പ്രതിസന്ധിയുടെ കൊടിയ വിവേചനത്തിന്റെ പശ്ചാത്തലത്തിലാണ് കേരളം ഇന്ത്യയിൽ ഏറ്റവും ഉയർന്ന തുക വീടുവയ്ക്കാൻ കൊടുക്കുന്നതും ഏറ്റവും കൂടുതൽ ആളുകൾക്ക് വീടുവച്ച് കൊടുത്തിട്ടുള്ളതും. അത് പ്രതിപക്ഷം ഓർക്കണം. നിങ്ങൾ കേൾക്കേണ്ട ഒരു കണക്ക് ഞാൻ പറയാം. 2020-ലെ മിഷൻ അന്ത്യോദയ റിപ്പോർട്ടിൽനിന്ന്

ചൂണ്ടിക്കാണിക്കുകയാണ്. ഇപ്പോൾ സംസ്ഥാനങ്ങൾക്ക് ഭവനനിർമ്മാണ പദ്ധതിക്കുള്ള സംസ്ഥാന വിഹിതവും കേന്ദ്ര വിഹിതവും എത്രയാണെന്നാണ്. കേരളത്തിൽ ഭവനപദ്ധതിയുടെ 85 ശതമാനവും സ്റ്റേറ്റ് ഷെയറാണ്. സെൻട്രൽ സ്കീമിൽനിന്ന് ലഭിച്ചത് 15 ശതമാനം മാത്രമാണ്. ഉത്തർപ്രദേശിൽ സെൻട്രൽ ഷെയർ 69 ശതമാനം. ഈ വിവേചനത്തെയാണ് നിങ്ങൾ കാണേണ്ടത്. അതിനെയാണ് നിങ്ങൾ ചോദ്യം ചെയ്യേണ്ടത്. അത് ചോദ്യം ചെയ്യാൻ നിങ്ങൾ തയ്യാറാകുന്നില്ല. ഒരു കണക്കുകൂടി പറയാം. PMAY(ഗ്രാമീൺ) (Pradhan Mantri Awas Yojana (Gramin) പദ്ധതിയിൽ Central Assistance provided ഇന്ത്യയിൽ ആകെ 8 ലക്ഷം കോടി രൂപയും State Assistance Provided 15 ലക്ഷം കോടി രൂപയുമാണ്. സംസ്ഥാനങ്ങളാണ് ഇതിന്റെ ബാധ്യത പ്രധാനമായും വഹിക്കുന്നത്. അതിൽ കേരളത്തിന് വെറും 15 ശതമാനമാണ് സെട്രൽ അസിസ്റ്റൻസ് എന്ന വസ്തുത നിങ്ങൾ മനസ്സിലാക്കണം. ആ വസ്തുത നിങ്ങൾ മനസ്സിലാക്കാതെ മറ്റെല്ലാകാര്യത്തിലുമെന്നപോലെ ഇക്കാര്യത്തിലും കേരള സർക്കാരിനെ ആക്രമിക്കാൻ തയ്യാറാകുകയാണ്. നിങ്ങൾക്ക് 18 എം.പി.-മാരുണ്ടല്ലോ; അവർ ഈ അന്യായവും വിവേചനവും അവിടെ ചോദ്യം

ചെയ്യാൻ തയ്യാറായിട്ടുണ്ടോ? നിങ്ങൾ ഇവിടെയാണ് ബഹളമുണ്ടാക്കുന്നത്. 3,23,000 വീടുകൾ പൂർത്തിയാക്കി തക്കോൽ കൊടുത്ത സർക്കാരിനെതിരെയല്ലേ നിങ്ങൾ ബഹളമുണ്ടാക്കിക്കൊണ്ടിരിക്കുന്നത്. നിങ്ങൾക്ക് അവിടെപ്പോയി ചോദ്യം ചെയ്യാനുള്ള ധൈര്യമുണ്ടോ; അതുപറഞ്ഞല്ലേ നിങ്ങൾ ഇവിടെനിന്നും ജയിച്ചുപോയത്. കേരളത്തിനുവേണ്ടി പോരാടാമെന്ന് പറഞ്ഞാണല്ലോ നിങ്ങളെല്ലാവരും കഴിഞ്ഞ തവണ ജയിച്ചുപോയത്. ഇതുസംബന്ധിച്ച് പാർലമെന്റിൽ ഒരു ചോദ്യമെങ്കിലും നിങ്ങളുന്നയിച്ചിട്ടുണ്ടോ? അതിനിടയിൽ ഒരു ചോദ്യം അശരീരിപോലെ ഉയർന്നുകേൾക്കുകയുണ്ടായി. കെ.പി.സി.സി.-യുടെ വീടിന്റെ കണക്ക് പറഞ്ഞപ്പോൾ സി.പി.ഐ.(എം) നിർമ്മിച്ചുനൽകിയ വീടുകൾ എത്രയാണെന്നുള്ള ചോദ്യം വന്നു. സി.പി.ഐ.(എം) 1273 വീടുകൾ നിർമ്മിച്ച് നൽകിയിട്ടുണ്ട്. 750 വീടുകളുടെ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു. 2013 വീടുകൾ പ്രഖ്യാപിച്ചതിനേക്കാൾ കൂടുതലാണ്. പ്രതിപക്ഷത്തിന്റെ ഈ അടിയന്തരപ്രമേയ നോട്ടീസ് ഒരു അത്ഭുതത്തിനും വകയില്ല. കാരണം, കഴിഞ്ഞ തെരഞ്ഞെടുപ്പുകാലത്ത് യു.ഡി.എഫ്. കൺവീനറായ ശ്രീ. എം. എം. ഹസ്സൻ പറഞ്ഞത്, ഞങ്ങൾ

അധികാരത്തിൽ വന്നാൽ ലൈഫ് പദ്ധതി അവസാനിപ്പിക്കുമെന്നാണ്. അനന്തമായ കാത്തിരിപ്പെന്ന് ശ്രീ. പി. കെ. ബഷീർ ഇവിടെ പറഞ്ഞു. ഇനി കാത്തിരിക്കാൻപോലും വകയുണ്ടാകില്ലെന്നാണ് പ്രഖ്യാപിച്ചത്. ലൈഫ് പദ്ധതി അവസാനിപ്പിക്കുമെന്ന് പ്രഖ്യാപിച്ചു. പ്രഖ്യാപിക്കുക മാത്രമല്ല ലൈഫ് പദ്ധതി അവസാനിപ്പിക്കാൻ മോദി സർക്കാരുമായി ഗൂഢാലോചന നടത്തുകയും സി.ബി.ഐ.-യെ സമീപിക്കുകയും ചെയ്തവരാണിവർ. ആ എം.എൽ.എ. ഇപ്പോൾ സഭയിലില്ല. സി.ബി.ഐ.-ക്ക് പരാതി കൊടുത്തില്ലേ?

മി.സ്പീക്കർ: പ്ലീസ്... കൺക്ലൂഡ്...

ശ്രീ. എം. ബി. രാജേഷ്: സർ, ഞാൻ അവസാനിപ്പിക്കുന്നു. കേരളത്തിനോട് കാണിക്കുന്ന വിവേചനം ചോദ്യം ചെയ്യുകയല്ല നിങ്ങൾ ചെയ്തത്. കേന്ദ്ര സർക്കാരുമായും കേന്ദ്ര അന്വേഷണ ഏജൻസികളുമായി ചേർന്ന് കേരളത്തിലെ പാവപ്പെട്ട മനുഷ്യന്റെ വീട് എന്ന സ്വപ്നം അട്ടിമറിക്കാൻ ഗൂഢാലോചന നടത്തുകയാണ് ചെയ്തിട്ടുള്ളത്. അതിന്റെ തുടർച്ചയാണ് ഇപ്പോൾ ലൈഫ് മിഷനെതിരായി അടിസ്ഥാനരഹിതമായ ആക്ഷേപങ്ങൾ ഉന്നയിച്ചുകൊണ്ടുള്ള ഈ അടിയന്തരപ്രമേയ നോട്ടീസ്. അത്

സഭ നിർത്തിവച്ച് ചർച്ച ചെയ്യണ്ടേ യാതൊരു ആവശ്യവുമില്ലെന്നാണ് പ്രഖ്യാപിക്കാനുള്ളത്.

മി.സ്പീക്കർ: ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണം-എക്സൈസ് വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, പ്രതിപക്ഷത്തിന്റെ അവകാശമാണ് റൂൾ 50 നോട്ടീസ്. ജനങ്ങളെ ബാധിക്കുന്ന വ്യത്യസ്ത വിഷയങ്ങളും പ്രശ്നങ്ങളും നിയമസഭയിലെ മന്ത്രിമാരുടെയും ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും ശ്രദ്ധയിൽകൊണ്ടുവന്ന് അതിലെ തെറ്റുകൾ ചൂണ്ടിക്കാട്ടി അത് തിരുത്താൻവേണ്ടി ഗവൺമെന്റിന് കൊടുക്കുന്ന അവസരമാണിത്. യഥാർത്ഥത്തിൽ പ്രതിപക്ഷം ഓരോ വിഷയവും കൊണ്ടുവരുമ്പോൾ, അത് കൊണ്ടുവരുന്ന........ ഒരു മന്ത്രിയാണ് അവിടെയിരുന്ന് സംസാരിക്കുന്നത്.

മി. സ്പീക്കർ: പ്ലീസ്......പ്ലീസ്.......മിനിസ്റ്റർ, പ്ലീസ്.......മിനിസ്റ്റർ

കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, ...(മൈക്ക് ഓഫ്)

മി. സ്പീക്കർ: അങ്ങ് പ്രസംഗം തുടരൂ.

ശ്രീ. വി. ഡി. സതീശൻ: സർ, ഓരോരുത്തർ എഴുന്നേറ്റുനിന്ന് സ്വയം എക്സ്പോസ് ചെയ്യുകയാണ്. പ്രതിപക്ഷനേതാവ് വാക്കൗട്ട് പ്രസംഗം നടത്തുമ്പോൾ ഒരു മന്ത്രി എഴുന്നേറ്റുനിന്ന് ഞാൻ ഇതാണെന്ന് സ്വയം പ്രഖ്യാപിച്ചാൽ എനിക്കൊന്നും ചെയ്യാൻ കഴിയില്ല. ലൈഫ് മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട്..... (...ബഹളം.....) പ്രസംഗം തടസ്സപ്പെടുത്താതെ ഞാൻ പറയുന്നതെന്താണെന്ന് നിങ്ങൾ കേട്ടിട്ട് വസ്തുതാപരമായി എന്തെങ്കിലും തെറ്റുണ്ടെങ്കിൽ നിങ്ങളാരെങ്കിലും എഴുന്നേറ്റുനിന്ന് ചോദിക്കൂ; ഞാൻ എല്ലാ കാര്യങ്ങളും തെളിവുകളുടെ അടിസ്ഥാനത്തിൽ മാത്രമാണ് സഭയിൽ പറയാൻ പോകുന്നത്.

ഇവിടെ കൊട്ടിഘോഷിക്കപ്പെട്ട പദ്ധതിയാണ് ലൈഫ് പദ്ധതി. എന്നുപറഞ്ഞാൽ അതിനുമുമ്പ് ഇവിടെ യാതൊരു ഭവനനിർമ്മാണ പദ്ധതിയും ഇല്ലായിരുന്നുവെന്ന അർത്ഥത്തിലാണ് ഇപ്പോൾ കാര്യങ്ങൾ

പോകുന്നത്. കേന്ദ്ര ഗവൺമെന്റിന്റെ ഇന്ദിരാ ആവാസ് യോജന പദ്ധതിയും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള പദ്ധതിയും മത്സ്യത്തൊഴിലാളികൾക്കുള്ള പദ്ധതിയും മൈനോരിറ്റി വിഭാഗത്തിനുള്ള പദ്ധതിയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഒറ്റയ്ക്ക് ചെയ്യുന്ന പദ്ധതികളും ഭവന ഹൗസിംഗ് ബോർഡ് വഴിയുള്ള പദ്ധതികളുമെല്ലാം നമ്മുടെ സംസ്ഥാനത്ത് നിലനിന്നിരുന്നു. ഈ ഏഴ് പദ്ധതികളെയും ഒരുമിച്ചുചേർത്ത് ലൈഫ് മിഷൻ എന്ന് പേരുകൊടുത്ത് കൊണ്ടുവന്നതാണ്. ലൈഫ് മിഷൻ പദ്ധതിയിലെ പ്രഖ്യാപനത്തിന്റെ കാര്യമൊക്കെ ഇവിടെ പറഞ്ഞു. ലൈഫ് മിഷൻ പദ്ധതിവഴി ഇപ്പോൾ പൂർത്തിയാക്കിയ വീടുകളുടെ എണ്ണമെത്രയാണ്? 9-02-2022-ലെ പ്രോഗ്രസ് അനുസരിച്ച് രണ്ട് ലക്ഷത്തി എഴുപത്തിയൊൻപതിനായിരത്തി ചില്വാനം വീടുകളുടെ നിർമ്മാണമാണ് പൂർത്തീകരിച്ചതെന്ന് പറഞ്ഞു. ഇപ്പോൾ കുറച്ച് വീടുകളുംകൂടി പൂർത്തിയായപ്പോൾ അത് മൂന്ന് ലക്ഷത്തിലധികമായെന്ന് പറഞ്ഞു. ഞങ്ങൾ വലിയൊരു പാതകമായിട്ടല്ല നോട്ടീസിൽ പറഞ്ഞിരുന്നത്. മുൻഗവൺമെന്റുകൾ തുടങ്ങിവച്ച വിവിധ പദ്ധതികൾ, ഒരു ഗവൺമെന്റിന്റെ കാലാവധി പൂർത്തിയാക്കുമ്പോൾ ആ ഗവൺമെന്റിന്റെ കാലത്ത് പണിത

എല്ലാ കെട്ടിടങ്ങളുടെയും പണി പൂർത്തിയാക്കിയിട്ടാണോ പോകുന്നത്; അല്ല. കുറച്ച് വീടുകളുടെ പണി പൂർത്തിയാകാതെ നിൽക്കും. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പൂർത്തിയാകാതിരുന്ന 52000 വീടുകളുംകൂടി ചേർന്നപ്പോൾ ലൈഫ് മിഷനിൽ എത്ര വീടുകളായി? അഞ്ച് വർഷംകൊണ്ട് ലൈഫ് മിഷൻ പദ്ധതിയിൽ രണ്ടരലക്ഷം വീടുകളാണ് പൂർത്തിയാക്കിയത്. ഇടവണ്ണ ഗ്രാമപഞ്ചായത്തിൽ വീടുകൾ കൊടുത്തതിന്റെ കണക്കുകൾ ഇവിടെ പറഞ്ഞു. 2020-ൽ അപേക്ഷ ക്ഷണിച്ചപ്പോൾ 9 ലക്ഷത്തിലധികം ആളുകൾ അപേക്ഷ കൊടുത്തു. അതിൽ അർഹരായ അഞ്ച് ലക്ഷത്തി അറുപതിനായിരത്തോളം ആളുകളെ സെലക്ട് ചെയ്തു. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. എം. ബി. രാജേഷ് 01-02-2023-ൽ നൽകിയ ഉത്തരമനുസരിച്ച് 2020-ൽ അപേക്ഷ ക്ഷണിച്ച് 2022-ൽ ലിസ്റ്റ് പ്രസിദ്ധീകരിച്ചതിൽ നിലവിൽ ഈ ലിസ്റ്റിലുൾപ്പെട്ടിട്ടുള്ള 12845 ഗുണഭോക്താക്കൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കരാറിലേർപ്പെട്ടിട്ടുണ്ട് എന്നാണ്. 2020-ൽ തുടങ്ങിയ ഒരു പ്രോസസ്സിന്റെ രണ്ടാം ഘട്ടത്തിൽ 5,60,000 ആളുകൾ, 9 ലക്ഷം ആളുകൾ വീട് ചോദിച്ച സ്ഥലത്ത്, എടവണ്ണ പഞ്ചായത്തിലെ 200 പേരടക്കം,

പന്ത്രണ്ടായിരത്തിലധികം ആളുകൾ കേരളത്തിൽ എഗ്രിമെന്റ് വച്ചിട്ടുണ്ട്. അതാണ് പുരോഗതി. നല്ല പുരോഗതിയല്ലേ; നല്ല പുരോഗതിയാണ്. ബഹുമാനപ്പെട്ട മന്ത്രി നൽകിയ ഉത്തരമാണ്. രണ്ടാം ഘട്ടത്തിൽ 200 വീട് കൊടുത്തില്ലേയെന്ന് ചോദിച്ചു. ലൈഫ് മിഷനിൽ ഇത്രയും അപേക്ഷകൾ വാങ്ങിയിട്ട് മൂന്ന് വർഷംകൊണ്ട് 12845 ഗുണഭോക്തകളാണ് കരാറിലേർപ്പെട്ടിരിക്കുന്നത്. (.....ബഹളം...) ഇങ്ങനെ ശല്യപ്പെടുത്തരുത്. യഥാർത്ഥത്തിൽ ഇതുവരെ രണ്ടര ലക്ഷം വീടുകളാണ് പൂർത്തിയാക്കിയിട്ടുള്ളത്.

ശ്രീ. എം. ബി. രാജേഷ്: സർ, വഴങ്ങുമോ?

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ എന്റെ ഈ പോയിന്റ് പൂർത്തിയാക്കയിട്ട് വഴങ്ങാം.

ശ്രീ. എം. ബി. രാജേഷ്: സർ, എടവണ്ണ പഞ്ചായത്തിൽ ഈ വർഷം എഗ്രിമെന്റ് വച്ചതിന്റെ കാര്യമാണ് പറഞ്ഞത്.

ശ്രീ. വി. ഡി. സതീശൻ:അതുതന്നെയാണ് ഞാൻ പറഞ്ഞത്, 2020-ൽ മൂന്നുവർഷം കൊണ്ട് നിർമ്മിച്ചതാണ്. പന്ത്രണ്ടായിരത്തിലധികം വീടുകൾ ലോക്കൽ ബോഡികൾ എഗ്രിമെന്റ് വച്ചിട്ടുണ്ട്. വീട് പൊളിച്ചിട്ട് ഇത്

കിട്ടുമെന്ന് പറഞ്ഞ് കാത്തിരിക്കുന്ന എത്രയോ ലക്ഷം പേർ കേരളത്തിലുണ്ട്. എത്ര ലക്ഷം പേർ ഷെഡ്ഡുകളിൽ താമസിക്കുന്നു? വീടില്ലാത്തവർ ആരും നിങ്ങളെ കാണാൻ വരാറില്ലേ? ഷെഡ്ഡുകളിൽ താമസിക്കുന്ന പാവങ്ങൾ മൂന്നുകൊല്ലമായി കാത്തിരിക്കുകയാണ്. പഞ്ചായത്ത് മെമ്പർമാരെ വഴിയിൽ തടുത്തുനിർത്തി ചോദിക്കുകയാണ്. എന്ത് പുരോഗതിയാണുള്ളത്; ഇതാണോ മൂന്നുകൊല്ലംകൊണ്ടുണ്ടാക്കിയ പുരോഗതി. 2017-ൽ പഴയ ഗവൺമെന്റ് തുടങ്ങി വച്ച 52000 ഉൾപ്പെടെ 3 ലക്ഷം പദ്ധതി പൂർത്തിയാക്കിയെന്നാണ് പറയുന്നത്. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി ഒരു ലിസ്റ്റ് വായിച്ചു. ആകെ 500 വീടുകൾ വച്ചതുപോലെയാണ് കേട്ടത്. 16-05-2017-ൽ ശ്രീ. കെ. ടി. ജലീൽ നിയമസഭയിൽ നൽകിയ ഉത്തരമാണ്. ശ്രീ. ഉമ്മൻചാണ്ടി സർക്കാരിന്റെ കാലത്ത് ഇന്ദിര ആവാസ് യോജന പദ്ധതിയിൽ മാത്രം 2011-12 മുതൽ 2015-16 വരെ 2,75,038 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇത് ശ്രീമതി അയിഷാ പോറ്റിയുടെ ചോദ്യത്തിനുള്ള മറുപടിയാണ്. 2,75,000 വീടുകൾ 2016 വരെ ശ്രീ. ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത് പൂർത്തീകരിച്ചിട്ടുണ്ട്. ആ 5 വർഷംകൊണ്ട് പൂർത്തീകരിച്ച വീടുകളുടെ എണ്ണം 4,14,554 ആണ്. അതുപോലെ ശ്രീ. എ. കെ. ബാലൻ തന്ന മറുപടി എസ്.സി. വിഭാഗത്തിൽ

24,594 വീടുകൾ, ഓരോ വകുപ്പിലുമുള്ള വീടുകൾ......... ഒന്നാം പിണറായി സർക്കാരിലെ മന്ത്രിമാർ നിയമസഭയിൽത്തന്നെ മറുപടിയാണ് വായിക്കുന്നത്. അതിനേക്കാൾ വലിയ തെളിവ് ഏതാണ്? പട്ടികജാതി വകുപ്പ് -24,887, പട്ടികവർഗ്ഗ വകുപ്പ് - 17,588, 71,710 കുടുംബങ്ങൾക്ക് ഗ്രാമപഞ്ചായത്തുകൾ, 12,938 കുടുംബങ്ങൾക്ക് മുനിസിപ്പാലിറ്റികൾ, 12,815 കുടുംബങ്ങൾക്ക് കോർപ്പറേഷനുകളും സ്വന്തമായി പദ്ധതി കൊടുത്തിട്ടുണ്ട്. അതുകൂടാതെ മത്സ്യത്തൊഴിലാളികൾക്കുവേണ്ടി നിർമ്മിച്ച വീടുകൾ അമ്പതിനായിരത്തിനകത്തു വരും. 4,54,000 വീടുകളാണ് ശ്രീ. ഉമ്മൻചാണ്ടി സർക്കാരിന്റെ കാലത്ത് നിർമ്മിച്ചത്. (....ബഹളം....) ഇവിടെ കിട്ടിയ ഉത്തരമാണ് വായിക്കുന്നത്. വീടുകളുടെ നിർമ്മാണ കാര്യത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ/ അതത് വകുപ്പുകൾ ചെയ്തതുപോലെ ലൈഫ് മിഷനിൽ നിർമ്മാണപുരോഗതിയുണ്ടോ? മത്സ്യത്തൊഴിലാളികളുടെ വീടുകൾ അന്ന് ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെന്റും ഫിഷറീസ് ഡിപ്പാർട്ടുമെന്റുമെല്ലാം ചെയ്തതുപോലെയുള്ള പുരോഗതി മത്സ്യത്തൊഴിലാളികളുടെ വീടുകളുടെ പൂർത്തീകരണകാര്യത്തിലുണ്ടോ? വളരെ മോശമാണ്. എസ്.സി/എസ്.ടി. ഡിപ്പാർട്ടുമെന്റുതന്നെ

അവർക്കനുവദിച്ച തുകയുടെ വളരെ ചെറിയ ഭാഗം മാത്രമാണ് ഇതിനുവേണ്ടി ചെലവഴിക്കുന്നത്. അവർക്ക് കിട്ടിയ തുകയുടെ വളരെ കുറഞ്ഞ തുക മാത്രമാണ് അവർ ചെലവഴിക്കുന്നത്. ഇതാണ് ഈ കാര്യത്തിലുള്ള പുരോഗതി. ഉദാഹരണത്തിന് ലൈഫ് ഭവന പദ്ധതിക്ക് പ്ലാൻ സ്പേസുണ്ട്. റൂറലിന് 525 കോടി രൂപയിൽ ചെലവായത് 6.22 ശതമാനമാണ്. അർബൻ പ്ലാനിലുള്ള 192 കോടി രൂപയിൽ ചെലവ് 2.97 ശതമാനമാണ്. വീട് വയ്ക്കാനുള്ളതല്ലല്ലോ പിന്നെ കാശ് കൊടുക്കേണ്ട ആവശ്യമില്ലല്ലോ. എന്നിട്ടാണ് ഇത് സംസാരിക്കുന്നത്. ഇവിടെ പറഞ്ഞ 4 ലക്ഷം രൂപയുടെ ഡിവിഷൻ എന്താണ്? സർക്കാർ വിഹിതം ഒരു ലക്ഷം രൂപ, ജില്ലാ പഞ്ചായത്ത് ഇരുപതിനായിരം രൂപ, ബ്ലോക്ക് പഞ്ചായത്ത് ഇരുപതിനായിരം രൂപ, ഗ്രാമപഞ്ചായത്ത് നാൽപ്പതിനായിരം രൂപ. ബാക്കി വായ്പയെടുത്തശേഷം പത്തോ പതിനഞ്ചോ വർഷം കൊണ്ട് പഞ്ചായത്തുകൾ അടയ്ക്കണം. വികേന്ദ്രീകരണമാണെന്നുപറഞ്ഞ് കേന്ദ്രീകരണം നടത്തി പഞ്ചായത്തുകളെല്ലാം അവരുടെ പ്ലാൻ ഫണ്ടിൽനിന്നും അടയ്ക്കേണ്ട സ്ഥിതിയിലാണ്. അവർക്ക് വേറൊരു വർക്കും നടത്താൻ കഴിയാത്ത രീതിയിൽ ഈ പദ്ധതികൾ കൊണ്ടെത്തിച്ചിരിക്കുകയാണ്.

സാധാരണക്കാരോട് പറയുമ്പോൾ സർക്കാർ 4 ലക്ഷം മുടക്കുന്നു. ഇന്ത്യയിൽ വേറെ ഏതെങ്കിലും സംസ്ഥാനത്ത് 4 ലക്ഷം മുടക്കുന്നവരുണ്ടോയെന്ന് ഇവിടെ ചോദിക്കേണ്ട. പബ്ലിക് മീറ്റിംഗിൽ നമുക്ക് ചോദിക്കാം. ഇവിടെ ചോദിച്ചാൽ 4 ലക്ഷത്തിന്റെ കണക്ക് നമുക്ക് പറയാം. ഇപ്പോൾ നിർമ്മാണച്ചെലവും കൂലി ചെലവും വർദ്ധിച്ചു. നിർമ്മാണ സാമഗ്രികളായ സിമെന്റ്, കമ്പി എന്നിവയുടെ ചെലവ് വലിയ രീതിയിൽ വർദ്ധിച്ചു. ഇപ്പോൾ പൂർത്തീകരിക്കാത്ത വീടുകളുടെ എണ്ണം കൂടുകയാണ്. ആളുകൾക്ക് ഇത് പൂർത്തീകരിക്കാൻ കഴിയുന്നില്ല എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. മറ്റൊരുകാര്യം, മുഖ്യമന്ത്രിയുടെ കൂടി ശ്രദ്ധയിൽപ്പെടുത്തുകയാണ്. മഹാപ്രളയത്തിന്റെ കാലത്ത് കേടുപാടുകൾ സംഭവിച്ച വീടുകൾക്ക് പല തുകകളും കൊടുത്തു. അതായത് 60,000 രൂപ, 1,20,000 രൂപ, 2.5 ലക്ഷം രൂപ എന്നിങ്ങനെയാണ് കൊടുത്തത്. റിപ്പയർ ചെയ്തിട്ടും ആ വീടുകൾ ഇപ്പോൾ തകർന്നുപോയി. വീണ്ടും അത് ലൈഫിലെ ലിസ്റ്റിൽ വന്നു. അങ്ങനെ വരാൻ കാരണം എലിജിബിലിറ്റി ഉള്ളതുകൊണ്ടാണ്. ആ പഴയ വീട്ടിൽ താമസിക്കാൻ കഴിയില്ലെന്ന് പരിശോധന നടത്തി തെളിയിച്ചതല്ലേ? ലൈഫ് പദ്ധതിയിലെ ലിസ്റ്റിൽ വന്നപ്പോൾ 4 ലക്ഷം രൂപ കൊടുക്കാൻ

സമയത്ത് പറയുകയാണ്. പണ്ട് അറുപതിനായിരം രൂപ വാങ്ങിയത് കുറച്ചശേഷമേ തരികയുള്ളൂവെന്നാണ്. പഴയ വീട് നന്നാക്കാൻ ഒന്നേകാൽ ലക്ഷം രൂപ പണ്ട് വാങ്ങിച്ചിട്ടുണ്ട്. അത് കുറച്ചശേഷമേ നാല് ലക്ഷം രൂപ തരികയുള്ളൂ. രണ്ടരലക്ഷം രൂപ പണ്ട് വീട് മെയിന്റനൻസിന് വാങ്ങിച്ചിട്ടുണ്ട്. ആ തുക കുറച്ചശേഷം ബാക്കി ഒന്നര ലക്ഷം രൂപ മാത്രമേ തരികയുള്ളൂ. എന്ത് ന്യായമാണ് ഇതിലുള്ളത്? പഴയവീട് നന്നാക്കാൻ കൊടുത്ത പണം, പഴയ വീടിൽ ഇപ്പോൾ താമസിക്കാൻ കഴിയില്ലെന്ന് ലൈഫിന്റെ അർഹതാ പരിശോധനയിലൂടെ തെളിഞ്ഞ് ആ വീട് പൊളിച്ചുകളയേണ്ട.....

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): പ്രളയത്തിന്റെ ഭാഗമായി തകർന്നവീട് നന്നാക്കുന്നതിന് കൊടുത്ത പണം അന്നുള്ള വീട് നന്നാക്കുന്നതിന് കൊടുത്തതാണ്. ലൈഫ് പദ്ധതിയുടെ ഭാഗമായി ഏതെങ്കിലുമൊരു വ്യക്തിക്ക് വീടിന് അർഹത വരുന്നുണ്ടെങ്കിൽ ആ വീടിന് അദ്ദേഹത്തിന്റെ പേരിൽ പഴയതെങ്കിലും ഒരു വീടുണ്ടായിരുന്നു. അതിന് പ്രളയകാലത്ത് എന്തെങ്കിലും സഹായം ലഭിച്ചിരുന്നോയെന്ന് കണക്കാക്കേണ്ടതില്ല. അങ്ങനെ കണക്കാക്കില്ല. മുഴുവൻ തുകയും കൊടുക്കേണ്ട സമയത്തുതന്നെ കൊടുക്കുന്നതാണ്.

<u>ശ്രീ. വി. ഡി. സതീശൻ</u>: ഞാൻ ആ തീരുമാനത്തെ സ്വാഗതം ചെയ്യുന്നു. പക്ഷേ നിലവിൽ ആ പണം കുറച്ചിട്ടാണ് അവർക്കിപ്പോൾ കൊടുത്തിരിക്കുന്നത്. എല്ലായിടത്തും കുറച്ചിരിക്കുകയാണ്. എന്റെ നിയോജക മണ്ഡലത്തിലാണല്ലോ പ്രളയത്തിൽ ഏറ്റവും കൂടുതൽ വീട് തകർന്നത്. അവിടെ മാത്രമല്ല, കേരളം മുഴുവൻ..... (....ബഹളം...)

<u>മി. സ്പീക്കർ</u>: പ്ലീസ്........ പ്ലീസ്...... അദ്ദേഹം പറയട്ടെ.......

<u>ശ്രീ. വി. ഡി. സതീശൻ</u>: എന്തിനാണ് ഇവർ ബഹളമുണ്ടാക്കുന്നത്? ഞാനൊരു വിഷയം കൊണ്ടുവന്നപ്പോൾ മുഖ്യമന്ത്രി എത്ര പോസിറ്റീവായിട്ടാണ് ആ കാര്യത്തോട് പ്രതികരിച്ചത്. എനിക്ക് അതിൽ അഭിമാനമുണ്ട്. ഇതുപോലൊരു വിഷയം കൊണ്ടുവന്ന് ആയിരക്കണക്കിനാളുകൾക്ക് അറുപതിനായിരവും രണ്ടര ലക്ഷവുമെല്ലാം ആനുകൂല്യം കൊടുത്തില്ലായിരുന്നോ? അവരുടെ വീട് പൊളിഞ്ഞുപോയി താമസിക്കാൻ കഴിയാതെ ലൈഫ് മിഷൻ മുഖേന വീട് വയ്ക്കുമ്പോൾ, അവർക്ക് ആ പണം സർക്കാർ കുറച്ചുകൊടുത്തപ്പോൾ, ആ വിഷയം നിയമസഭയിൽ കൊണ്ടുവന്ന് മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി തീരുമാനം പ്രഖ്യാപിച്ചതിൽ എനിക്ക് അഭിമാനമുണ്ട്. അതിനാണ് ഞങ്ങൾ

ഇത് കൊണ്ടുവരുന്നത്. മുഖ്യമന്ത്രി അതിൽ പ്രതികരിച്ചല്ലോ. നിങ്ങൾക്ക് എന്തിന്റെ വിഷമമാണ്? അദ്ദേഹം പോസിറ്റീവായിട്ടാണ് സംസാരിച്ചത്. 2011 മുതൽ 2016 വരെ വ്യത്യസ്തമായ പദ്ധതികളിലൂടെ 4,55,000 വീടുകൾ നിർമ്മിച്ചപ്പോൾ ഇവിടെ 2017 മുതൽ ഇതുവരെ യഥാർത്ഥത്തിൽ അന്നത്തെ 52,000 കൂടാതെ രണ്ടരലക്ഷം വീടുകൾ മാത്രമാണ് നിർമ്മിച്ചിട്ടുള്ളത്. നമുക്കൊരു ക്യാപ്ഷനിട്ട് കൊട്ടിഘോഷിക്കാം. മറുപടി പറയാൻ കഴിയാതെ വന്നപ്പോൾ, ലൈഫ് മിഷൻ ചർച്ച ചെയ്യേണ്ട സ്ഥലത്ത് കെ.പി.സി.സി. കൊടുത്ത വീടിന്റെ കാര്യം പറഞ്ഞത് മര്യാദയാണോ? ഞാൻ സഭയുടെ മുമ്പാകെ ആധികാരികമായി ഒരു കാര്യം പറയുന്നു. കെ.പി.സി.സി. ആയിരം വീടുകൾ നിർമ്മിച്ചുകൊടുക്കാമെന്ന് പറഞ്ഞത് ആയിരം വീടുകളും അതിനേക്കാൾ കൂടുതൽ വീടുകളും നിർമ്മിച്ചിട്ടുണ്ട്. ഓരോ ജില്ലയിലും ഓരോ താലൂക്കിലും കെ.പി.സി.സി.യും അതിന്റെ പോഷക സംഘടനകളും നിർമ്മിച്ച വീടുകളുടെ അഡ്രസ്സ് സഹിതം ബഹുമാനപ്പെട്ട മന്ത്രിക്ക് കൊടുക്കാൻ ഞങ്ങൾ തയ്യാറാണ്. അതേ അവസരത്തിൽ കോടിയേരി ബാലകൃഷ്ണൻ 2018-ൽ പ്രഖ്യാപിച്ച രണ്ടായിരം വീടുകൾ....... കെ.പി.സി.സി.-യുടെ ഭവന നിർമ്മാണ പദ്ധതിയനുസരിച്ച് അങ്ങ് 46

വീടുകളാണ് ആകെ പറഞ്ഞത്. എന്റെ നിയോജക മണ്ഡലത്തിൽമാത്രം 28 വീടുകളുണ്ട്. അവിടെ കെ.പി.സി.സി.-യുടെ ബോർഡ് വച്ചിട്ടുണ്ട്. എറണാകുളത്തെ മൂന്ന് നിയോജകമണ്ഡലങ്ങളിൽമാത്രം അങ്ങ് പറഞ്ഞതിനേക്കാൾ കൂടുതൽ വീടുകളുണ്ട്. അങ്ങയെപ്പോലെ ഒരാൾ ഇവിടെ വന്നിട്ട് ഒരു പാർട്ടിയെ ഇതുപോലെ അധിക്ഷേപിക്കരുതായിരുന്നു. ഞാൻ ഇത് പ്രതീക്ഷിച്ചില്ല; ചെയ്യരുതായിരുന്നു. മന്ത്രിമാർ മറുപടി പറയുമ്പോൾ കുറേക്കൂടി നന്നായി പറയണം. പോരാളി ഷാജിയെപ്പോലെ മന്ത്രി ശ്രീ. എം. ബി. രാജേഷ് തരംതാഴുന്ന എന്നൊന്നും ഞാൻ പറയില്ല. പക്ഷേ പറയരുതായിരുന്നു. കണക്ക് വച്ച് ഞങ്ങൾ മറുപടി പറയും. കൃത്യമായി ചെയ്തിട്ടുണ്ട്. എന്റെ നിയോജകമണ്ഡലത്തിൽ മാത്രം 265 ഭവനങ്ങളുടെ നിർമ്മാണം വെള്ളപ്പൊക്കം കഴിഞ്ഞതിനുശേഷം ഞങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. ഇങ്ങനെയൊന്നും ഒരു പാർട്ടിയെയും അധിക്ഷേപിക്കരുത്. അങ്ങ് ലൈഫ് മിഷനെ സംബന്ധിച്ച് ഉത്തരവാദിത്വമുള്ള മന്ത്രിയാണ്. അങ്ങയുടെ കൈവശമുള്ള കടലാസുകൾവച്ച് മറുപടി പറയണം. കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രിയായ ശ്രീ. വി. അബ്ദുറഹിമാൻ എഴുന്നേറ്റ് ബഹളം ഉണ്ടാക്കിയതുകൊണ്ട് എന്ത്

ചെയ്യാൻ സാധിക്കും? നിങ്ങൾക്ക് അപമാനകരമാണെന്ന് ഞാൻ സൂചിപ്പിക്കുന്നു. .........(ബഹളം)........... അതുകൊണ്ട് ഗവൺമെന്റിന്റെ തെറ്റായ നടപടികളിലും ലൈഫ് മിഷൻ പദ്ധതി മന്ദീഭവിച്ചതിലും ശക്തിയായി പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. ഡി. സതീശനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ലൈഫ് ഭവന പദ്ധതിയിൽ സർക്കാരിന് ഒരു പരാജയം മൂടിവയ്ക്കാനുണ്ടെന്നുള്ളത് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയും അദ്ദേഹത്തിന്റെ ബോഡി ലാംഗ്വേജുമൊക്കെ ശ്രദ്ധിച്ചാൽ മനസ്സിലാകും. ലൈഫ് ഭവന പദ്ധതിയിൽ വലിയ നേട്ടമില്ലായെന്നും വീടുകൾ കാര്യമായി നിർമ്മിക്കാൻ സാധിച്ചിട്ടില്ലായെന്നും അടിയന്തരപ്രമേയവുമായി ബന്ധപ്പെട്ട് ശ്രീ. പി. കെ. ബഷീർ പറഞ്ഞത് ശരിയാണെന്ന് ശ്രദ്ധിക്കുന്ന എല്ലാവർക്കും മനസ്സിലാകും. കാരണം കേരളത്തിൽ ഭവന പദ്ധതികളൊക്കെ ഡീസെൻട്രലൈസ്ഡായി അതാത് വകുപ്പുകൾ അതാത് സെക്ടറിലുള്ള ആളുകൾക്ക് വിവിധ ഏജൻസികൾ

വളരെ നന്നായി നിർമ്മിച്ച് നൽകിയിരുന്നതാണ്. എന്നാലിപ്പോൾ ഒരു മിഷൻ മോഡലാക്കി ടാർജറ്റ് വച്ച് നടപ്പിലാക്കിയപ്പോഴുണ്ടായത്, ആദ്യമുണ്ടായിരുന്ന സാമ്പത്തിക സഹായങ്ങൾ മാത്രമേ അതിനും ലഭിക്കുന്നുള്ളൂ. എന്നാൽ അതിന്റെ നിയമങ്ങളും വ്യവസ്ഥകളുമൊക്കെക്കൂടി എണ്ണം തികയ്ക്കാൻ കഴിയാതെ, ഒരുപാട് സങ്കീർണ്ണമാക്കി. അടിയന്തരപ്രമേയത്തിൽ സൂചിപ്പിച്ചതുപോലെ ഭവനങ്ങളുടെ എണ്ണങ്ങൾ കുറയുകയും ആർക്കും ലഭിക്കാത്ത സ്ഥിതിയുമായി. ബഹുമാനപ്പെട്ട മന്ത്രി കേരളത്തിന്റെ പെർഫോമൻസിനെ താരതമ്യപ്പെടുത്തുന്നത് യു.പി.-യുമായാണ്. 'കുഞ്ഞിനെ കണ്ടാലറിയാം ഊരിലെ പഞ്ഞം' എന്നുപറയുന്നതുപോലെ, യു.പി.-യുമായി താരതമ്യപ്പെടുത്തുമ്പോൾത്തന്നെ ഇത് പരാജയപ്പെട്ടിരിക്കുന്നു/മോശമായിരിക്കുന്നുയെന്ന് മനസ്സിലാകും. ഭവന നിർമ്മാണത്തിൽ കേരളത്തിന്റെ പെർഫോമൻസ് ഏതുകാലത്തും വളരെ മുമ്പിലാണ്. ഉമ്മൻചാണ്ടി ഗവൺമെന്റിന്റെ കാലത്ത്, ഞങ്ങൾ വളരെ നേട്ടമായി പറഞ്ഞ കാലഘട്ടത്തിൽ..... ഞാനും തദ്ദേശസ്വയംഭരണ വകുപ്പ് കൈകാര്യം ചെയ്തിരുന്നു.

തദ്ദേശസ്വയംഭരണം-എക്സൈസ് വകുപ്പുമന്ത്രി (<u>ശ്രീ. എം. ബി.</u>

രാജേഷ്): സർ, അദ്ദേഹം തെറ്റിദ്ധരിച്ചിരിക്കുന്നു. കേരളത്തിന്റെ പെർഫോമൻസിനെ യു.പി.-യുമായി താരതമ്യപ്പെടുത്തിയതല്ല. യു.പി.-ക്ക് ലഭിക്കുന്ന ഭവന നിർമ്മാണത്തിന്റെ കേന്ദ്ര വിഹിതം 69% ആണ്. കേരളത്തിന് വെറും 15% മാത്രമേ ലഭിക്കുന്നുള്ളൂവെന്നാണ് പറഞ്ഞത്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, രണ്ട് ഘട്ടത്തിൽ അങ്ങ് പറഞ്ഞു. ഇന്ത്യയിൽ, മത്സ്യത്തൊഴിലാളികൾക്കും മറ്റും ഹൗസിംഗ് ബോർഡും വിവിധ ഏജൻസികളുമൊക്കെ വീട് നിർമ്മിച്ച് നൽകുന്നതിൽ കേരളം വളരെ മുമ്പിൽ നിൽക്കുന്ന സ്ഥിതി എല്ലാകാലത്തുമുള്ളതാണ്. കേരളത്തിന്റെ സ്റ്റാൻഡേർഡിന്റെ അടുത്തൊന്നും മറ്റുസംസ്ഥാനങ്ങൾ വരുകയില്ല. അത്രയധികം ഭവനങ്ങൾ വിവിധ വിഭാഗം ജനങ്ങൾക്ക് ഹൗസിംഗ് ബോർഡ് നിർമ്മിച്ച് നൽകുന്നു. കേരളത്തിൽ എസ്റ്റാബ്ലിഷ്ഡായ ഒരു സ്ഥാപനമാണ് ഹൗസിംഗ് ബോർഡ്. കേന്ദ്രീകരണംകൊണ്ട് ഒരു ഗുണവുമുണ്ടായിട്ടില്ല. ലൈഫ് മിഷൻ എന്നുപറയുന്ന കേന്ദ്രീകരണംകൊണ്ട് ദോഷം മാത്രമേ കേരളത്തിൽ ഉണ്ടായിട്ടുള്ളൂ. അതുകൊണ്ടാണ് നിങ്ങൾക്ക് വീട് നിർമ്മിച്ച് നൽകുന്ന കാര്യത്തിൽ ഇത്രയധികം സ്തംഭനം/പരാജയം വന്നത്. ഇപ്പോഴും അത് തുടരുന്നുവെന്നതാണ് സത്യം. സന്നദ്ധ

സംഘടനകൾ വീട് നിർമ്മിച്ച് നൽകുന്ന കാര്യമാണ് പറയുന്നതെങ്കിൽ എന്റെ പാർട്ടിയുടെ ബൈത്തുറഹ്മ (കാരുണ്യ ഭവനം) പദ്ധതി മറ്റ് പദ്ധതികളെ ചലഞ്ച് ചെയ്യാൻ കഴിയും. വിവിധ ജനവിഭാഗങ്ങൾക്ക് വീട് നിർമ്മിച്ച് നൽകുന്ന ഞങ്ങളുടെ പദ്ധതികളൊക്കെ കേരളം മുഴുവൻ/ഇന്ത്യയൊട്ടാകെ ശ്രദ്ധിച്ചതാണ്. അത്രയധികം വീടുകൾ ഞങ്ങളെല്ലാം നിർമ്മിച്ച് നൽകുന്നുണ്ട്. ഇപ്പോൾ  വീട് നിർമ്മിച്ച് നൽകുന്ന കാര്യത്തിൽ പഞ്ചായത്തുകൾക്ക് സ്വാതന്ത്ര്യവുമില്ല, മെമ്പർമാർക്ക് ഒന്നും ചെയ്യാൻ സാധിക്കുന്നുമില്ല. വളരെ ഡീസെൻട്രലൈസ്ഡായി നന്നായി നടന്നുവന്ന ഒരു പദ്ധതിയെ എങ്ങനെയെങ്കിലും ശരിയാക്കാനാണ് ബഹുമാനപ്പെട്ട മന്ത്രി ശ്രമിക്കേണ്ടത്. കാരണം വീടുകളെ സംബന്ധിച്ചത് വലിയൊരു പ്രശ്നമാണ്. സ്ഥലവും വീടും ഇല്ലാത്തവനായി ഒരുഗതിയുമില്ലാതെ നിത്യേന ജനപ്രതിനിധികളെ കണ്ടുകൊണ്ടിരിക്കുന്ന ആളുകളുടെ എണ്ണം വല്ലാതെ കൂടിയിരിക്കുന്നു. അതുസംബന്ധിച്ച് പറയുന്നതിനെ വെറും രാഷ്ട്രീയമായ വെല്ലുവിളിക്ക് മാത്രം ഉപയോഗിക്കുന്ന ഒരുവിഷയമാക്കി മാറ്റുകയല്ലാതെ കാര്യത്തിലേയ്ക്ക് കടക്കുന്നുമില്ല, ചർച്ച ചെയ്യുന്നുമില്ല. അതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട്

ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. മോൻസ് ജോസഫ്: സർ, നമ്മുടെ സംസ്ഥാനത്തെ പാവപ്പെട്ട മനുഷ്യർക്കുവേണ്ടിയുള്ള ഏറ്റവും പ്രധാനപ്പെട്ട ഭവന നിർമ്മാണ പദ്ധതിയെന്ന നിലയിൽ ലൈഫ് ഭവന പദ്ധതിയുടെ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിന് ഗവൺമെന്റ് സ്വീകരിക്കുന്ന അടിയന്തര സാഹചര്യങ്ങളാണ് പ്രതിപക്ഷം അടിയന്തരപ്രമേയത്തിലൂടെ സഭയുടെ ശ്രദ്ധയിൽക്കൊണ്ടുവന്നത്. ബഹുമാനപ്പെട്ട മന്ത്രി മറുപടിയിൽ പറഞ്ഞതനുസരിച്ച്, പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ ഗവൺമെന്റ് ശ്രമിക്കുന്നതൊക്കെ എല്ലാവർക്കും ബോദ്ധ്യപ്പെടും. എന്നാലിപ്പോൾ ഗ്രാമസഭകൾ കൂടിയ സമയമാണ്. 140 നിയോജകമണ്ഡലങ്ങളിലും ഗ്രാമസഭകൾ കൂടിയ സമയത്ത് വീട് എന്ന് ലഭിക്കുമെന്നാണ് ജനങ്ങൾ മുഖ്യമായും ചോദിച്ചത്. എത്ര വർഷമായി, ഞങ്ങൾ രാഷ്ട്രീയ പ്രേരിതമായി മന:പൂർവ്വം പറയുന്നതല്ല. ഭരണകക്ഷിയോ പ്രതിപക്ഷമോ ആകട്ടെ. എല്ലാ

നിയോജകമണ്ഡലങ്ങളിലെയും ജനങ്ങൾ ചോദിക്കുന്നതാണ്. ടാർപ്പോളിൻ വലിച്ച് കെട്ടി മഴയത്ത് നനഞ്ഞൊലിച്ച് കിടക്കുന്ന പാവപ്പെട്ട കുടുംബം വീടിനുവേണ്ടി കാത്തിരിക്കുന്നു. ഇപ്പോഴും അതൊരു സ്വപ്നമായി മാത്രം നിൽക്കുകയാണ്. ജനങ്ങൾ ചോദിക്കുന്ന ചോദ്യത്തിന് മറുപടി പറയാൻ സാധിക്കുന്നില്ല. ഗ്രാമസഭയിൽ പഞ്ചായത്ത് മെമ്പർമാർ മുതൽ എം.എൽ.എ.-മാർവരെയുള്ള എല്ലാവരും ഒരുപോലെ വിഷമിക്കുന്ന ഒരു സാഹചര്യം സംസ്ഥാനത്തൊട്ടാകെയുണ്ട്. അത് ഗവൺമെന്റ് കണ്ണുതുറന്ന് കാണണം. വീട് നിർമ്മാണം എങ്ങനെയെങ്കിലും പൂർത്തിയാക്കുന്നതിന് ഇടപെട്ട് എത്രയും വേഗം ഇക്കാര്യങ്ങൾ നടത്തി ജനങ്ങളെ സഹായിക്കാൻ കഴിയുന്ന അടിയന്തര നടപടിയിലേയ്ക്കാണ് ഗവൺമെന്റ് വരേണ്ടത്. അതിന് തയ്യാറാകാതെ ലൈഫ് ഭവന പദ്ധതി ഒരു സ്വപ്ന പദ്ധതിയായി അവശേഷിക്കുന്നുയെന്ന സാഹചര്യം നിലനിൽക്കുന്നുവെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഇത് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മോൻസ് ജോസഫ് സഭവിട്ട് പുറത്തുപോയി.)

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഭവനങ്ങൾ ഇല്ലാതെ പോകുന്നവരുടെയും ഭവനം പൂർത്തിയാക്കാൻ കഴിയാതെ പോകുന്നവരുടെയും എണ്ണം വർദ്ധിച്ചിരിക്കുകയാണ്. ലൈഫ് ഭവന പദ്ധതിക്ക് അപേക്ഷ നൽകിയെങ്കിലും ലിസ്റ്റിൽ വന്നിട്ടില്ലായെന്ന പരാതികളുമായി എം.എൽ.എ. എന്ന നിലയിൽ എന്നെ ഒരാഴ്ചയിൽ എട്ടോപത്തോ ആളുകളെങ്കിലും സമീപിക്കാറുണ്ട്. ഇപ്പോൾ വന്ന ലിസ്റ്റിന്റെ കണക്കുകളിൽ, 920000 ത്തോളം അപേക്ഷകൾ ലഭിച്ചതിൽ 561033 അപേക്ഷകളാണ് അർഹരായവരായി സർക്കാർ കണ്ടെത്തിയത്. 2020-ൽ വാങ്ങിയ അപേക്ഷകളെ സംബന്ധിച്ച രണ്ടാമത്തെ ലിസ്റ്റാണിത്. ഇത് വലിയൊരു യാഥാർത്ഥ്യമാണ്. ആ യാഥാർത്ഥ്യമാണ് ഗവൺമെന്റിന്റെ ശ്രദ്ധയിൽക്കൊണ്ടുവരുന്നത്. ലൈഫ് ഭവന പദ്ധതിയിൽ ഭവനങ്ങൾ പൂർത്തിയാകുന്നില്ല. പദ്ധതിയിലൂടെ ഭവനങ്ങൾ ലഭിക്കുന്നതിന് അനന്തമായ കാത്തിരിപ്പുണ്ട്. രണ്ട് ലക്ഷം പേരുടെ അപേക്ഷകൾ കെട്ടിക്കിടക്കുന്നു. പിന്നെ എങ്ങനെയാണ് നിങ്ങളുടെ അപേക്ഷ സ്വീകരിക്കാൻ കഴിയുന്നതെന്ന് ഒരു ഉദ്യോഗസ്ഥൻ നൽകിയ മറുപടിയെ സംബന്ധിച്ച് പാവപ്പെട്ട ഒരു സ്ത്രീ എന്നോട് പറഞ്ഞു. കേരളത്തിൽ സമാനമായ

ചിത്രമാണിത്. അതാണ് ഞങ്ങൾ ഇവിടെ ചൂണ്ടിക്കാട്ടിയത്. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും മത്സ്യത്തൊഴിലാളികൾക്കുമൊക്കെ അവരുടേതായ വകുപ്പുകളിൽനിന്ന് വിവിധ തലത്തിൽ ഭവനങ്ങൾ ലഭിച്ചുകൊണ്ടിരുന്നു. ആ ഭവനങ്ങളെല്ലാം ഇന്ന് കേന്ദ്രീകൃതമായി ലൈഫ് ഭവന പദ്ധതിയിലേയ്ക്ക് കൊണ്ടുവന്നതിനുശേഷം ഉണ്ടായിരിക്കുന്ന വലിയ ന്യൂനതയാണ്. ഇതിനുമുമ്പും ചൂണ്ടിക്കാട്ടിയതാണ്. അതിന്റെ കണക്കുകൾ ബഹുമാനപ്പെട്ട മന്ത്രിക്ക് പരിശോധിക്കാം. പട്ടികജാതി പട്ടികവർഗ്ഗക്കാർക്കും മത്സ്യത്തൊഴിലാളി വിഭാഗങ്ങൾക്കുമൊക്കെ നേരത്തെ ലഭിച്ചുക്കൊണ്ടിരുന്ന ഭവനങ്ങളുടെ എണ്ണം കുറഞ്ഞിരിക്കുന്നു. അക്കാര്യത്തിൽ യാതൊരു സംശയവുമില്ല. കണക്കുകൾ ഉൾപ്പെടെ അങ്ങ് പരിശോധിക്കണം. ഇത് വളരെ ഗുരുതരമായ വിഷയമാണ്. ജനങ്ങളുടെ ഭവനം എന്ന അവകാശത്തെ ചോദ്യം ചെയ്യുന്ന നിലയിലേയ്ക്ക് ഇത് വന്നുകൊണ്ടിരിക്കുന്നു. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭ വിട്ട് പുറത്തുപോയി)

<u>ശ്രീമതി കെ. കെ. രമ</u>: സർ, എല്ലാ ഭവന നിർമ്മാണ പദ്ധതികളും ഒരൊറ്റ മിഷന്റെ കീഴിൽ ആയപ്പോൾ ഫലത്തിൽ പ്രധാനപ്പെട്ട അർഹരായ ബഹുഭൂരിഭാഗം ആളുകൾക്കും വീട് ലഭിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്. ഒന്നുരണ്ട് കാര്യങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽക്കൊണ്ടുവരാമെന്ന് ഞാൻ വിചാരിക്കുന്നു. ഒന്ന്, 2020 നവംബറിൽ അപേക്ഷ നൽകിയതിന്റെ ലിസ്റ്റ് 2022 ആഗസ്റ്റിലാണ് പ്രസിദ്ധീകരിച്ചത്. അപേക്ഷ നൽകി രണ്ട് വർഷം കാത്തിരുന്ന ആളുകൾ, ഷെഡ്ഡിൽ താമസിച്ചിരുന്ന ആളുകളൊക്കെ പലരിൽനിന്നും കടം വാങ്ങി ചെറിയ കൂരകൾ വയ്ക്കുന്നതിനുവേണ്ടിയുള്ള ശ്രമം നടത്തി. എന്നാലിപ്പോഴുണ്ടായ സാഹചര്യം അവർ ഈ ലിസ്റ്റിൽനിന്നും പുറത്തായിരിക്കുന്നുവെന്നതാണ്. അവർക്ക് ഒരു പണവും നൽകുന്നില്ലായെന്നാണ് ഇപ്പോൾ സർക്കാരിൽനിന്നും ലഭിച്ചിരിക്കുന്ന നിർദ്ദേശം. തീർച്ചയായും അത് പുനഃപരിശോധിക്കണം. പലരിൽനിന്നും കടം വാങ്ങി വീട് വച്ച ആളുകൾക്ക് ഏതെങ്കിലും വിധത്തിൽ പകുതിയെങ്കിലും ധനസഹായം നൽകുന്ന നിർദ്ദേശം സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. രണ്ട്, 420 സ്ക്വയർ ഫീറ്റ് ഭവനമാണ് ലൈഫ് ഭവന പദ്ധതിയുടെ ഭാഗമായി

നൽകുന്നത്. 420 സ്ക്വയർ ഫീറ്റ് വീടെന്നത് ശ്വാസം വിടുന്നതിനുപോലും സാധിക്കാത്ത കുടിലായിട്ടാണ് മാറുന്നത്. അത് 720 സ്ക്വയർ ഫീറ്റാക്കി മാറ്റുന്നതിനുള്ള തീരുമാനമുണ്ടാകണം. പ്രധാനമന്ത്രി ആവാസ് യോജന പദ്ധതി പ്രകാരം നൽകുന്ന ഭവനങ്ങൾ 720 സ്ക്വയർ ഫീറ്റാണ്. അക്കാര്യംകൂടി പുനഃപരിശോധിക്കാൻ സർക്കാർ തയ്യാറാകണം. ഏറ്റവും ഗുരുതരമായ വിഷയമാണിത്. നിരവധി ആളുകൾ വീടിനുവേണ്ടി കണ്ണീരോടെ കാത്തുനിൽക്കുന്ന സാഹചര്യമാണ്. വളരെ ഗുരുതരമായ ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീമതി കെ. കെ. രമ സഭ വിട്ട് പുറത്തുപോയി.

സഭവിട്ടുപുറത്തുപോയ അംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ തിരികെ പ്രവേശിച്ചു.)